മലയാള പുരോഗമന വാരിക

## വിഷയവിവരം


സ്വാതന്ത്ര്യമന്ത്രം—(കവിത) പൈനാപ്പള്ളിൽ നാരായണൻനായർ 3

അത്മമതി—[കവിത] ചെറുകാട് 3

യുദ്ധവും പ്രജായത്തഭരണവും— കെ. സി. സഖറിയാ 4

അഖിലകേരളകൊതുകസമ്മേളനം— ഡി.സി.കെ 6

ആ വാഴവെട്ട്— പൊൻകുന്നം വർക്കി 7

കാററാടികൾ— ചെക്കോവ് 9

അവർ പറയുന്നു— 12

പതിമ്മൂന്നാംപേജ്— ബാലൻ 13

അവർ കീഴടങ്ങിയെന്നോ?— എം. എം. ചെറിയാൻ 14

"സ്ത്രീ"യും "മായ"യും— വിഹാരി 19

കല്പനാദത്ത്— നാരായണൻകുട്ടി ബി. എ. 21


XXV (31)

March 17, 1946

വില 2 ണ.

# ബ്രഡ് - ഇൻ - ദ്രാക്ഷാ

നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുത്തു താരുണ്യത്തെയും ലാവണ്യത്തെയും പ്രദാനംചെയ്യുന്നു. രക്തശുദ്ധിക്കും പ്രസവശേഷമുള്ള ആരോഗ്യാഭിവൃദ്ധിക്കും അത്യുത്തമം.

## എല്ലാ മരുന്നുഷാപ്പുകളിലും വിൽക്കപ്പെടും

---

# മലയാളത്തിലെ നല്ല പുസ്തകങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1 | തിരുമുൽക്കാഴ്ച – | പൊൻകുന്നം വർക്കി | 1 | 12 | 0 |
| 2 | ആരാമം | ,, | 1 | 12 | 0 |
| 3 | വികാരസദനം | ,, | 3 | 0 | 0 |
| 4 | അണിയറ | ,, | 1 | 0 | 0 |
| 5 | ഹൃദയനാദം | ,, | 1 | 0 | 0 |
| 6 | പൂജ | ,, | 1 | 8 | 0 |
| 7 | പ്രേമവിപ്ലവം | ,, | 1 | 0 | 0 |
| 8 | മേൽവിലാസം – | കാരൂർ നീലകണ്ഠപ്പിള്ള | 1 | 4 | 0 |
| 9 | അപ്പൂപ്പൻ | ,, | 0 | 14 | 0 |
| 10 | താഴ്വരകൾ – | വെട്ടൂർ രാമൻനായർ | 1 | 4 | 0 |
| 11 | രാഗരശ്മി | ,, | 1 | 0 | 0 |
| 12 | നാടകകൃത്ത് - | പി. കേശവദേവ് | 1 | 0 | 0 |
| 13 | ഇ. വി. സ്മരണകൾ – | സി. ഐ. രാമൻനായർ | 1 | 8 | 0 |
| 14 | ശാന്തരശ്മികൾ (ചങ്ങമ്പുഴയുടെ വാഴക്കുല മുതലായ കവിതകൾ) | | 0 | 12 | 0 |
| 15 | നിങ്ങളുടെ ഭക്ഷണം — | എം. ആർ. മസാനി | 1 | 12 | 0 |

# നാഷനൽ ബുക്കസ്റ്റാൾ

**കള്ളരിക്കൽ ബസാർ, കോട്ടയം, തിരുവിതാംകൂർ.**

# ചിത്രോദയം

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY MANNARGHAT

## "സ്വാതന്ത്ര്യമന്ത്രം"

(പൈനാപ്പള്ളിൽ നാരായണൻ നായർ)

ഇല്ല, ഞാനൊട്ടും ഭയപ്പെടുന്നില്ല, കേൾ
നിർല്ലജ്ജലോകമേ, നിൻജല്പനങ്ങളെ!
മാനിപ്പതല്ലഞാൻ, നീ മുഴക്കുന്നൊരാ-
പീനമാം നിന്ദ്യനിയമ ശാസ്ത്രങ്ങളെ!
നീ വരയ്ക്കുന്ന വൃത്തത്തിലൊതുക്കുവാ-
നാവില്ല മാമക സ്വാതന്ത്ര്യതൃഷ്ണയെ.
നീ മുഴക്കും താളമൊപ്പിച്ചു തുള്ളുവാൻ
മാമൂലിലാടുന്ന വ്യാമൂഢനല്ല ഞാൻ.
നിൻ ചൊല്പടിക്കു തല കുലുക്കീടുവാ-
നെൻചിത്തബോധം തരുന്നില്ല സമ്മതം.
എത്രമേലെന്നെപ്പരിഹസിച്ചോളു നീ
ശത്രുതയില്ല നിന്നോടെനിക്കല്പവും
ഭീമാപരാധങ്ങളായിരമായിരം
മാമകമൗലിയിൽ കെട്ടിവെച്ചീടിലും,
ഘോരാപവാദ ശരനിരസന്തതം
തോരാതെയെന്നിൽ നീയാഞ്ഞു തറയ്ക്കിലും,
എന്തിലും ഹീനനായെന്നെ വെറുക്കിലും,
ഹന്തവ്യനെന്നു വിധിയെഴുതീടിലും,
നിന്നെസ്തുതിക്കുവാൻ നിൻകാൽ പിടിക്കുവാൻ
വന്നിടുകില്ല ഞാൻ നിന്ദ്യമാം ലോകമേ!
നിൻപാദപാംസുക്കൾ മാറിലണിയുവാ-
നെന്നഭിമാനം ബലികഴിക്കില്ല ഞാൻ!
ഇല്ല, പരിഭവം നിന്നോടെന്നാകിലു-
മെന്നെച്ചവിട്ടാനനുവദിക്കില്ല ഞാൻ
നിസ്സാരമാം നിൻ പ്രശംസകൾക്കായെന്റെ
യിസ്സുഭാദർശങ്ങളെത്തകർക്കില്ല ഞാൻ!!......

ദുഷ്ടകപടമദമത്ത ലോകമേ
പട്ടുടുപ്പിട്ടു ചിരിച്ചു കാണിപ്പു നീ
പുഞ്ചിരികൊണ്ടു കഴുത്തറക്കുന്ന നിൻ
വഞ്ചനനന്നായറിഞ്ഞിരിക്കുന്നു ഞാൻ
സൗഹൃദമെങ്ങും വിതയ്ക്കുവാനെന്നൊര-
ച്ചാഹവം സൃഷ്ടിച്ചു സ്വാർത്ഥം ഭുജിപ്പു നീ!
എങ്ങും സമത്വമുയർത്തുവാനെന്നോതി-
വിങ്ങുംദരിദ്രരെപ്പീഡനം ചെയ്വു നീ!

പൂതസ്വാതന്ത്ര്യപ്രകാശം പരത്തുവാൻ
ഭൂവാകെ രക്തപ്പുഴയൊഴുക്കുന്നു നീ!
ഘോര'മണുബോംബു'യർത്തിസ്സദാ ഭർശ-
സാരതത്വങ്ങൾ പരക്കെപ്പൊഴിപ്പു നീ!

സന്മാർഗ്ഗനീതി സഹസ്രങ്ങൾ കെട്ടഴി-
ച്ചെങ്ങും വിതച്ചു പകൽ തെളിയുന്ന നീ
അന്ധകാരത്തെ മറയാക്കി, ലോകമേ
യെന്തെന്തുകർമ്മങ്ങൾ ചെയ്വീലനിഷ്ഠുരം!!
എന്നിട്ടുമെന്നിട്ടുമാത്മാഭിമാനമു-
റ്റന്യനെ'ക്കൊഞ്ഞനംകുത്താൻ' കൊതിപ്പു നീ.

ആവട്ടെ, നിഷ്ഠുരലോകമേ, നീയെന്നെ-
യാവുന്ന മട്ടിലെതിരിട്ടുകൊള്ളുക
നിൻപ്രതിരോധങ്ങളോരോന്നുമീതെഴു-
മെൻമനഃശക്തിക്കു വീഴ്ചയേകും ദൃഢം
ജീവരക്തത്തിന്നവസാനബിന്ദുവും
ഉവി ഞാൻ മാമകാദർശങ്ങൾ കാത്തിടും
പ്രാണനെൻറയന്തിമ വേളയിൽപ്പോലുമീ-
ച്ചേണുറ്റ 'സ്വാതന്ത്ര്യമന്ത്രം' ജപിച്ചിടും

...0...

## അതുമതി

(ചെറുകാട്)

ഇല്ലവൾക്കൊന്നുമലങ്കാരമെന്നവ-
രെല്ലാരുമെന്നെപ്പരിഹസിക്കും
മാറിയുടുക്കുവാൻ സാരിയുമില്ലെന്നെൻ
ചാരത്തുനിന്നവർ തമ്മിലോതും
ക്രൂരാറക്കൂട്ടാണക്കൂന്തലെന്നക്കൂട്ടർ
ക്രൂട്ടമ്പോളൊക്കെയും ക്രൂട്ടും ക്രൂട്ടും
വണ്ണപ്പകിട്ടുള്ള സിന്ദൂരപ്പൊട്ടില്ല-
പ്പെണ്ണിനിന്നെന്നതുണ്ടൊരു കുറ്റം വേറെ
എന്നിലാമന്യർ കാണും കുറവുക-
ളൊന്നല്ല രണ്ടല്ല മൂന്നുമല്ല.

നിന്ദിച്ചുകൊള്ളട്ടെ മാനത്തിരിക്കുന്നോ-
രൊന്നിച്ചു നാവു കുഴയുവോളം
എന്നോമൽത്തോഴികളായിട്ടു കർഷക-
കന്യകളുണ്ടല്ലോ നാട്ടനീളെ

# യുദ്ധവും പ്രജായത്തഭരണവും

(കെ. സി. സഖറിയാ എം. എ; എൽ എൽ. ബി)

പ്രജായത്തഭരണത്തെ രക്ഷിക്കുന്നതിനും നിലനിറുത്തുന്നതിനും വേണ്ടിയാണ് തങ്ങൾ സർവശക്തിയുമുപയോഗിച്ച് യുദ്ധം ചെയ്യുന്നതെന്നും, യുദ്ധവിജയം പ്രജായത്തഭരണത്തിന്റെ വിജയമായിരിക്കുമെന്നും യുദ്ധാരംഭം മുതൽ സഖ്യരാഷ്ട്രങ്ങൾ ഉൽഘോഷിച്ചുതുടങ്ങിയതാണ്. യുദ്ധം ജയിച്ചു; ഫാഷിസത്തിന്റെ അധികാരം അസ്തമിച്ചു; സമാധാനത്തിന്റെ തണലിലേക്ക് ലോകം കാൽവയ്ക്കുകയും ചെയ്തു. എങ്കിലും സ്വാതന്ത്ര്യത്തിലേയ്ക്കും പ്രജായത്തഭരണത്തിലേയ്ക്കും ആണോ ലോകം—ലോകത്തിലെ വിവിധജനവിഭാഗങ്ങൾ—ഇന്നു പുരോഗമിക്കുന്നതു? പ്രജായത്തഭരണത്തിന്റെ പരമശത്രുവായ ഫാഷിസത്തെ ഭൂമുഖത്തുനിന്നു പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുവാൻ സഖ്യരാഷ്ട്രങ്ങൾക്കു സാധിച്ചിട്ടുണ്ടോ? നമുക്കു നോക്കാം.

ഫാഷിസത്തെ യുദ്ധത്തിൽ തോല്പിച്ചതുമൂലം പ്രജായത്തഭരണത്തിനു ഒരു വലിയ വിജയമാണു സിദ്ധിച്ചതെന്നു സമ്മതിക്കാത്തവർ ആരുംതന്നെ കാണുമെന്നു തോന്നുന്നില്ല. പ്രജാപ്രഭുത്വത്തിന്റെ സംഹാരമൂർത്തിയായിട്ടാണ് ഫാഷിസം അവതരിച്ചതു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ലോകത്തിന്റെ നാനാഭാഗങ്ങളിലും—പ്രത്യേകിച്ച് യൂറോപ്പിൽ—വളർന്നുവന്ന ജനകീയപ്രബുദ്ധതയെ അടിച്ചമർത്തി മുതലാളിത്തസമ്പ്രദായം നിലനിറുത്തുന്നതിനുവേണ്ടി സ്ഥാപിതതാൽപര്യക്കാർ നിർമ്മിച്ച ഒരു ഭരണവ്യവസ്ഥയായിരുന്നു ഫാഷിസം, അഥവാ നാസിസം. സംഘടനാസ്വാതന്ത്ര്യം, അഭിപ്രായപ്രകടനാസ്വാതന്ത്ര്യം, പത്രപ്രവർത്തനസ്വാതന്ത്ര്യം മുതലായ പ്രജായത്തഭരണതത്വങ്ങൾ ഉപയോഗിച്ച് മർദ്ദിതജനവിഭാഗങ്ങൾ അവരുടെ അവശതകൾ പരിഹരിക്കുന്നതിനും, അവകാശങ്ങൾ സ്ഥാപിക്കുന്നതിനും ശ്രമിക്കുമെന്നു മനസ്സിലാക്കിയ സ്ഥാപിതതാൽപര്യക്കാർ പ്രജാപ്രഭുത്വത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതിനുവേണ്ടിയാണ് ഹിറ്റ്ലറേയും മുസ്സലിനിയേയും താലോലിച്ചു വളർത്തിയതു. പ്രജാപ്രഭുത്വത്തിനു നേരിട്ട ഈ ഭയങ്കരവിപത്തിന്റെ ഗൗരവം മനസ്സിലാക്കി ഫാഷിസത്തിനെതിരായി ഒരു ജനകീയമുന്നണി കെട്ടിപ്പടുക്കുന്നതിനു സോവിയറ്റ് യൂണിയൻ അക്കാലത്തുതന്നെ ആഹ്വാനം ചെയ്യുകയുണ്ടായി. പക്ഷെ സോഷ്യലിസ്റ്റു റഷ്യയെ വെറുത്ത മുതലാളിത്തരാജ്യങ്ങൾ കണ്ണടച്ച് ഫാഷിസത്തിന്റെ വളർച്ചയെ സഹായിക്കുകയാണു ചെയ്തതു. സോവിയറ്റ് യൂണിയന്റെ വളർന്നുവരുന്ന ശക്തിയെ തടയാൻ ഫാഷിസത്തെ ഒരു കരുവായി ഉപയോഗിക്കാമെന്നും ഇക്കൂട്ടർ വിചാരിച്ചിരുന്നു. അങ്ങനെ തൊഴിലാളിസംഘടനകളെയും പൗരസ്വാതന്ത്ര്യത്തെയും നശിപ്പിച്ച്, ജനകീയപ്രസ്ഥാനങ്ങളെ മുഴുവൻ വെല്ലുവിളിച്ചുകൊണ്ട്, സ്വേച്ഛാപ്രഭുത്വത്തിൽ എത്തിച്ചേർന്ന ഹിറ്റ്ലർഭരണം ലോകത്തെ രണ്ടാം ലോകമഹായുദ്ധത്തിലേക്കു തള്ളിവിട്ടു. ഗത്യന്തരമില്ലാതെ പ്രജായത്തരാഷ്ട്രങ്ങളെന്നു പറയപ്പെടുന്ന ഇംഗ്ലണ്ടും അമേരിക്കയുമൊക്കെ, സോവിയറ്റ് യൂണിയനുമായി കൂട്ടുപിടിച്ച് ഫാഷിസത്തോടു ജീവിതമരണസമരം നടത്തി. ബ്രിട്ടന്റെയും അമേരിക്കയുടെയും യഥാർത്ഥോദ്ദേശ്യം എന്തുതന്നെ ആയിരുന്നാലും, സോവിയറ്റ് യൂണിയന്റെ വശത്തുനിന്നുകൊണ്ട് ജനകീയപ്രസ്ഥാനങ്ങളുടെ ശത്രുവായ ഫാഷിസത്തോടു യുദ്ധംചെയ്തതുമൂലം ഫാഷിസത്തിന്റെ നാശത്തിനും പ്രജായത്തഭരണത്തിന്റെ രക്ഷയ്ക്കുംവേണ്ടിയാണ് ഈ രാഷ്ട്രങ്ങൾ യുദ്ധംചെയ്തതെന്നു പറയാവുന്നതാണ്. അങ്ങനെ സർവ്വോപരി ഫാഷിസ്റ്റുഭരണവും പ്രജായത്തഭരണവും തമ്മിലുള്ള ഒരു സംഘട്ടനമാണ് രണ്ടാം ലോകമഹായുദ്ധത്തിൽ നടന്നതു. ഈ സംഘട്ടനത്തിൽ ഫാഷിസം പരാജയപ്പെട്ടു; പ്രജായത്തഭരണം വിജയം പ്രാപിച്ചു.

ഈ മഹാവിജയംമൂലം ലഭിച്ച സൗകര്യത്തെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തി പ്രജായത്തഭരണത്തെ ലോകത്തിന്റെ നാനാഭാഗങ്ങളിലും വികസിപ്പിക്കുന്നതിനും, അങ്ങനെ അതിനു സ്ഥിരപ്രതിഷ്ഠ നൽകുന്നതിനും ആണോ പ്രജായത്തഭരണവാദികൾ ശ്രമിക്കുന്നതു? പ്രജായത്തഭരണം എന്നുപറഞ്ഞാൽ തന്നെ എന്താണ്? ജവഹർലാൽ പറയുന്നു:—"സാമ്പത്തികമായ പ്രജാപ്രഭുത്വം കൂടാതെ, കേവലം രാഷ്ട്രീയമായ പ്രജാപ്രഭുത്വം ലഭിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. പിച്ചക്കാരനു ഒരു വോട്ടു കിട്ടിയേക്കാം. എന്നാൽ ഒരു ചില്ലിക്കാശിനുവേണ്ടി അയാൾ ആ വോട്ടു വിൽക്കും." ഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്കും കർഷകർക്കും രാഷ്ട്രീയമായും സാമ്പത്തികമായും വളരത്തക്ക സാഹചര്യം സൃഷ്ടിക്കുകയും, അങ്ങനെ അവരുടെ

സാമ്പത്തികവും രാഷ്ട്രീയവുമായ അവകാശങ്ങൾ സ്ഥാപിക്കുകയും ചെയ്യുകയെന്നതാണ് യഥാർത്ഥമായ പ്രജായത്തഭരണത്തിന്റെ ഉദ്ദേശ്യം. പ്രായപൂർത്തിവോട്ടവകാശമുണ്ടെങ്കിലും ന്യൂനപക്ഷം ഭൂരിപക്ഷത്തെ ചൂഷണംചെയ്യുന്ന രീതി അവസാനിച്ചില്ലെങ്കിൽ പ്രജായത്തഭരണം ഉണ്ടാകുന്നതല്ല. യുദ്ധാനന്തരലോകം ഇത്തരം പ്രജായത്തഭരണത്തിലേക്കാണോ നീങ്ങിക്കൊണ്ടിരിക്കുന്നത്? ഇരുൾനിറഞ്ഞ അന്തരീക്ഷത്തിൽ ചില വെള്ളിരേഖകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും, മനുഷ്യവർഗ്ഗത്തിന്റെ രക്ഷയും ലോകസമാധാനവും അഭിലഷിക്കുന്നവരെ പൂർണ്ണമായി തൃപ്തിപ്പെടുത്തുന്ന ഒരു സ്ഥിതിയല്ല ഇന്നു ലോകത്തിൽ പൊതുവെ കാണപ്പെടുന്നത്. കഷ്ടപ്പെട്ടു യുദ്ധംചെയ്തു ഫാഷിസത്തെ തകർത്ത ജനകീയസംഘടനകൾ യൂറോപ്പിലെ ചില രാജ്യങ്ങളിലെങ്കിലും പ്രാമാണ്യത്തിൽ എത്തിയിട്ടുണ്ട്. ഫ്രാൻസ്, പോളണ്ട്, ചെക്കോസ്ലാവേക്യാ, ബൾഗേറിയാ, റുമേനിയാ മുതലായ രാജ്യങ്ങൾ ഇതിനുദാഹരണങ്ങളാണ്. ഈ രാജ്യങ്ങളിൽ ഫാഷിസത്തിന്റെ അവശിഷ്ടങ്ങൾ നശിപ്പിക്കുന്നതിനും, ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾ വളർത്തുന്നതിനുപകരിക്കുന്ന നിയമങ്ങൾ നടപ്പിലാക്കുന്നതിനും ഉള്ള ആത്മാർത്ഥമായ ശ്രമം നടക്കുന്നുണ്ട്. എന്നാൽ ഗ്രീസ്, ഇറ്റലി, ബെൽജിയം മുതലായ രാജ്യങ്ങളിലെ സ്ഥിതി ഇതല്ല. ഫാഷിസത്തോട് അനുഭാവമുള്ളവരും, ഫാഷിസത്തിന്റെ ചേരിയിൽനിന്നു പ്രവർത്തിച്ചവരുമായ പിന്തിരിപ്പന്മാരെ അധികാരത്തിൽ വച്ചുകൊണ്ടിരിക്കുന്നതിനുള്ള തീവ്രശ്രമമാണ് ഇവിടങ്ങളിൽ നടക്കുന്നത്. സാമ്രാജ്യശക്തിയായ ബ്രിട്ടന്റെ പിന്തുണ ഈ പിന്തിരിപ്പന്മാർക്കു ലഭിക്കുന്നുണ്ടെന്ന് ഗ്രീസിലെയും മറ്റും സംഭവങ്ങൾ തെളിയിക്കുന്നുണ്ടല്ലോ. പ്രജായത്തഭരണസിദ്ധാന്തങ്ങൾക്കെതിരായി ബ്രിട്ടീഷ് സാമ്രാജ്യപ്രഭുത്വം എന്തിനാണ് ഈ പ്രതിലോമശക്തികളെ സഹായിക്കുന്നത്? പ്രജായത്തഭരണം ലോകത്തിൽ എല്ലായിടത്തും ശക്തി പ്രാപിച്ചാൽ ബ്രിട്ടീഷ് സാമ്രാജ്യം നശിക്കുമെന്നും, നിവൃത്തിയുണ്ടെങ്കിൽ അതുകൂടാതെ കഴിക്കണമെന്നും ഉള്ള ആഗ്രഹം കൊണ്ടുതന്നെ. സോഷ്യലിസ്റ്റുകളെന്നു സ്വയം അഭിമാനിക്കുന്ന തൊഴിലാളികൾ അധികാരത്തിൽ എത്തിയിട്ടുണ്ടെങ്കിലും, ബ്രിട്ടന്റെ സാമ്രാജ്യനയത്തിൽ ഇതുവരെ വലുതായ മാറ്റവും വന്നിട്ടില്ലെന്നു സംഭവങ്ങൾ തെളിയിക്കുന്നു. ലോകം പ്രജായത്തഭരണത്തിലേക്കും സോഷ്യലിസത്തിലേക്കും നീങ്ങുന്നത് സ്ഥാപിതതാല്പര്യക്കാർക്കും, സാമ്രാജ്യശക്തികൾക്കും ഇഷ്ടമല്ലല്ലോ. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം പ്രജായത്തഭരണം നശിപ്പിക്കുവാൻവേണ്ടി ഫാഷിസത്തെ ശക്തിപ്പെടുത്തിയതും, സോവിയറ്റു യൂണിയനെതിരായി ദുഷ്പ്രചരണം നടത്തിയതും ഇക്കൂട്ടരാണ്. ഇപ്പോൾ സോവിയറ്റ് യൂണിയൻ ഒരു സാമ്രാജ്യം സ്ഥാപിക്കാൻ ശ്രമിക്കുകയാണെന്നും" വേണ്ടിവന്നാൽ റഷ്യയോടു യുദ്ധംചെയ്യണമെന്നും മറ്റും മുറവിളി കൂട്ടുന്നതും പ്രജായത്തഭരണവിരോധികളായ ഈ "ഫാഷിസ്റ്റ്പ്രണയികൾ" തന്നെയാണ്. റഷ്യൻസൈന്യം പേർഷ്യയിൽനിന്നു പിന്മാറാത്തതുകൊണ്ട്, പ്രജായത്തഭരണം നശിക്കുമെന്നു വിചാരിച്ച്, ഇവർക്ക് ഉറക്കംപോലുമില്ല. എന്തൊരു പ്രജായത്തഭരണപ്രണയം! ഇൻഡോനേഷ്യയിലും, ഈജിപ്റ്റിലും, സിറിയായിലുമൊക്കെ ബ്രിട്ടീഷ്‌സൈന്യം നിലയുറപ്പിച്ചിരിക്കുന്നതു പ്രജായത്തഭരണം അവിടങ്ങളിൽ സിമന്റിട്ടുറപ്പിക്കുന്നതിനായിരിക്കാം! പ്രജായത്തഭരണത്തിന്റെ യഥാർത്ഥശത്രുക്കൾ വിവിധരാജ്യങ്ങളിലെ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെ അടിച്ചമർത്തുന്നവരും, ഈ അടിച്ചമർത്തലിനെ കണ്ണടച്ചു സഹായിക്കുന്നവരും, ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമായ സോവിയറ്റിനെതിരായി ദുഷ്പ്രചരണം നടത്തുന്നവരുമാണ്. ഒരു മൂന്നാം ലോകമഹായുദ്ധം ഉണ്ടാകണമെന്നും ഇക്കൂട്ടർ ആഗ്രഹിക്കുന്നുണ്ടായിരിക്കാം. ലോകത്തിലെ ഏകസോഷ്യലിസ്റ്റ് രാഷ്ട്രമായ സോവിയറ്റു റഷ്യയെ തകർത്താൽ മുതലാളിത്തത്തിനും, സാമ്രാജ്യപ്രഭുത്വത്തിനും ശാശ്വതപ്രതിഷ്ഠ നൽകാമെന്നായിരിക്കാം ഇക്കൂട്ടർ വിചാരിക്കുന്നത്. ഹിറ്റ്ലറും ഇങ്ങനെതന്നെയാണു വിചാരിച്ചത്.

എന്തായാലും രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകത്തിന്റെ വിവിധഭാഗങ്ങളിലും ജനകീയപ്രസ്ഥാനങ്ങൾ തഴച്ചു വളരുന്നുണ്ട്. ഇൻഡ്യയിലും, ജാവായിലും, ഇൻഡോചൈനായിലുമെല്ലാം സാമ്രാജ്യമേധാവിത്വത്തിൽനിന്നു രക്ഷപെടുവാൻവേണ്ടി ജനങ്ങൾ ഉണർന്നിരുന്നുകഴിഞ്ഞു. പ്രജായത്തഭരണത്തിന്റെ ആദ്യത്തെ പടിയായ രാഷ്ട്രീയസ്വാതന്ത്ര്യം സമ്പാദിക്കുന്നതിനാണ് ഈ രാജ്യങ്ങൾ അരയും തലയും മുറുക്കിയിരിക്കുന്നത്. കോളനികളുടെ സ്വാതന്ത്ര്യപ്രശ്നം സഖ്യരാഷ്ട്രസമ്മേളനത്തിൽ കൊണ്ടുവന്ന ഏകരാഷ്ട്രം സോവിയറ്റു യൂണിയനാണ്. ഇൻഡ്യാ, ഇൻഡോനേഷ്യാ, ഇൻഡോചൈനാ തുടങ്ങിയ അടിമരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തെ അനുകൂലിച്ച് "ന്യൂടൈംസ്" മുതലായ സോവിയറ്റു പത്രങ്ങൾ ധാരാളം ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ പരമാർത്ഥത്തെ അടിസ്ഥാനമാ

വിനോദഭാവന

# അഖിലകേരള കൊതുകുസമ്മേളനം

(ഡിസികെ)

അഖിലകേരള കൊതുകുമഹാസഭയുടെ പ്രഥമ വാർഷികസമ്മേളനം കോട്ടയത്തു പൌരധ്വനി ആഫീസിനു സമീപമുള്ള മൈതാനത്തുവച്ചു് അത്യാഡംബരപൂർവം നടത്തപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പ്രതിനിധികളും സന്ദർശകരും പതിനായിരക്കണക്കിനു സമ്മേളനത്തിൽ പങ്കുകൊണ്ടു. സമ്മേളനം വിജയകരമാക്കുന്നതിനു ഗവർമെന്റും മുനിസിപ്പാലിററിയും വേണ്ട സകല സഹായങ്ങളും ചെയ്തിരുന്നു. സ്വീകരണസംഘാധ്യക്ഷൻ ചെയ്ത സുദീർഘമായ സ്വാഗതപ്രസംഗത്തിനിടയിൽ ഇപ്രകാരം പ്രസ്താവിച്ചു. "നമ്മുടെ അടുത്ത ഈ വാർഷികസമ്മേളനം എവിടെവച്ചു നടത്തണമെന്നുള്ളതിനെപ്പററി അ. കേ. കെ. മ. കമ്മററി കൂടിയപ്പോൾ വലിയ വാദപ്രതിവാദമുണ്ടായി. നമ്മുടെ സമുദായാംഗങ്ങൾ ധാരാളമായി വസിക്കുന്ന കൊച്ചി, ആലപ്പുഴ, കോട്ടയം ഈ മൂന്നു സ്ഥലങ്ങളിൽനിന്നു വന്നിരുന്ന കമ്മററിയംഗങ്ങൾ, സമ്മേളനത്തെ അതാതു സ്ഥലത്തേക്കു ക്ഷണിച്ചുകൊണ്ടു് ഉശിരോടുകൂടി പ്രസംഗിച്ചു. തിരുവിതാംകൂറിലെവിടെയെങ്കിലും സമ്മേളനം നടത്തുവാനുള്ള ശ്രമങ്ങൾ പൂർത്തിയാക്കുമ്പോഴേയ്ക്കു വല്ല നിരോധന ഉത്തരവുകളും ഉണ്ടായേക്കുമെന്നും അതുകൊണ്ടു കൊച്ചിയിൽ നടത്തുന്നതാണു് ഉചിതമെന്നും അവിടെനിന്നും വന്നിരുന്ന സ്നേഹിതന്മാർ ചൂണ്ടിക്കാണിച്ചു. 18 ലക്ഷം കൊതുകുകൾ അധിവസിക്കുന്ന ആലപ്പുഴവച്ചു സമ്മേളനം കൂടണമെന്നു് അവിടെനിന്നും സന്നിഹിതരായിരുന്നവർ ശഠിച്ചു. എന്നാൽ ആലപ്പുഴയെക്കാൾ എത്രയോ ലക്ഷം കൊതുകുകൾ കൂടുതലായി നിവസിക്കുന്ന കോട്ടയത്താണു സമ്മേളനം നടത്തേണ്ടതെന്ന ഞങ്ങളിൽ ചിലരുടെ വാദം ഒടുവിൽ കമ്മററി സ്വീകരിച്ചു."

അധ്യക്ഷപ്രസംഗമാണു് അനന്തരം നടന്നതു്. അതു താഴെ ചേർക്കുന്നു,

യുദ്ധം അവസാനിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ കൂടുന്ന ഈ കോൺഫറൻസിനു വളരെ ചരിത്രപ്രാധാന്യമുണ്ടു്. പല ഗവർമെന്റുകളും യുദ്ധാനന്തരപുനസ്സംഘടനാപദ്ധതികളുമായി പുറപ്പെട്ടിരിക്കുന്ന കാലമാണിതു്. ജർമ്മനിയിൽനിന്നും യഹൂദന്മാരെ ബഹിഷ്കരിച്ചതുപോലെ മിക്കരാജ്യങ്ങളിൽനിന്നും നമ്മെ പുറത്താക്കാനുള്ള പ്ലാൻ ഗവർമെന്റുകൾ അനുസൂത്രണം ചെയ്തിട്ടുണ്ടു്. തിരുവിതാംകൂർ ഗവർമെന്റു് നമ്മെ ദ്രോഹിക്കുന്ന യാതൊരു പദ്ധതിയും ഉണ്ടാക്കുകയില്ലെന്നു എനിക്കു ഉറപ്പായി പറയുവാൻ കഴിയും. തന്നെയല്ല ഏററവും പ്രധാനമായ ഒരു സംഗതി കൂടി സമുദായാംഗങ്ങളെ അനുസ്മരിപ്പിക്കേണ്ടതുണ്ടു്. മെയ്മാസത്തിനു മുമ്പായി പ്രവിശ്യകളിൽ കോൺഗ്രസ്സ് ഭരണം നിലവിൽ വരാനിടയാകും. അപ്പോൾ നാം ഏതെങ്കിലും പ്രവിശ്യകളിൽനിന്നു ബഹിഷ്കൃതരായേക്കാം. അങ്ങനെ വന്നാൽ അവർക്കെല്ലാം തിരുവിതാംകൂറിൽ കുടിയേറിപ്പാർക്കാനുള്ള സൗകര്യം കൊടുക്കേണ്ടതാ

---

ക്കി നോക്കുമ്പോൾ ലോകത്തിലെ ജനസാമാന്യത്തിന്റെ സ്വാതന്ത്ര്യത്തിനും, അഭിവൃദ്ധിക്കുംവേണ്ടി, ലോകമഹാശക്തികളുടെ കൂട്ടത്തിൽ, നിലകൊള്ളുന്ന ഏകരാജ്യം സോവിയററുയൂണിയനാണെന്നു കാണാവുന്നതാണു്. അടിമരാജ്യങ്ങൾക്കെല്ലാം അത്യധികം സന്തോഷപ്രദമായ ഒരു കാര്യമാണിതു്. പക്ഷെ ഇതുകൊണ്ടു മാത്രമായില്ല. അടിമരാജ്യങ്ങളുടെ സ്വാതന്ത്ര്യം ആ രാജ്യങ്ങളിൽ നിവസിക്കുന്ന ജനങ്ങളുടെ ഐക്യത്തേയും ത്യാഗസന്നദ്ധതയേയും ആശ്രയിച്ചാണു നിലനില്ക്കുന്നതു്. അവരുടെ ബന്ധുക്കളും, ശത്രുക്കളും ആരെല്ലാമാണെന്നു മനസ്സിലാക്കി ഐക്യബോധത്തോടും ദൃഢനിശ്ചയത്തോടുംകൂടി മുന്നോട്ടുപോയാൽ മാത്രമെ അടിമരാജ്യങ്ങൾ സ്വാതന്ത്ര്യത്തിൽ എത്തുകയുള്ളു. ലോകത്തിന്റെ നാനാഭാഗങ്ങളിലും വളർന്നുവരുന്ന ജനകീയശക്തികളെയും, അവയെ അടിച്ചമർത്താൻ ശ്രമിക്കുന്ന പ്രതിലോമശക്തികളെയും തരംതിരിച്ചു്, ജനകീയശക്തികളുടെ ചേരിയിൽ ചേരുന്നതിനു കൊളോണിയൽ ജനത തയ്യാറാകുന്നപക്ഷം, പ്രജായത്തഭരണത്തിനുവേണ്ടി നടത്തപ്പെട്ട രണ്ടാം ലോകമഹായുദ്ധത്തെ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനു ഗണ്യമായി സഹായിക്കുകയായിരിക്കും തങ്ങൾ ചെയ്യുന്നതു്.

—0—

ചെറുകഥ

# ആ വാഴവെട്ട്

[പൊൻകുന്നം വർക്കി]

"കുംഭത്തിൽ നട്ടാൽ കുടത്തോളം; മീനത്തിലായാൽ എകണ്ണിനോളം മാത്രം. കുംഭത്തിലെ വെളുത്തവാവിൻനാൾ നടുന്നതാണ് ഏറ്റവും നല്ലത്. എങ്കിൽ ആ ചേനയ്ക്കു ചന്ദ്രനോളംതന്നെ മുഴുപ്പുണ്ടായിരിക്കും."

നട്ടതലകൾ ഏതേതുകാലത്തു നടണമെന്നുള്ള കാര്യത്തിൽ മർക്കോസുചേട്ടനു വളരെ നിശ്ചയമുണ്ട്. അയാൾ ഒരു നല്ല കൃഷിക്കാരനാണ്.

എല്ലുകൾ ഉന്തിനില്ക്കുന്ന ആ ശരീരവും വളഞ്ഞ നട്ടെല്ലും ഒട്ടിയ കവിളും കുഴിഞ്ഞ കണ്ണും അർദ്ധനഗ്നമായ ശരീരവും ഒറ്റനോട്ടത്തിൽതന്നെ അയാളെ ഒരു കൃഷിക്കാരനെന്നു വിളിച്ചുപറയും.

കുംഭത്തിലെ കാലുപൊള്ളുന്ന വെയിലത്തു നിന്ന് അയാൾ നിലമൊരുക്കുകയാണ്. ശരീരത്തിൽക്കൂടി വിയർപ്പുചാലുകൾ അങ്ങനെ ഒഴുകുന്നു.

ശ്മശ്രുനിരകൾ വളർന്നുനില്ക്കുന്ന ആ മുഖത്തുനിന്നു പ്രസന്നത എത്രയോ മുമ്പുതന്നെ പറന്നകന്നിരിക്കുന്നു. ഒരു കർഷകന്റെ മുഖത്തു പ്രസന്നതയന്വേഷിക്കാൻ കേരളത്തിനു നേരമില്ല. അവ ശക്തി എരിഞ്ഞടങ്ങിയ ബാറ്ററികൾപോലെ നിലകൊള്ളുന്നു. ഈ നിർഭാഗ്യാവസ്ഥയ്ക്കു നമ്മുടെ ഗവർമ്മെന്റിനോളംതന്നെ പ്രായമുണ്ട്.

"പെണ്ണേ റാഹേലേ"—തൂമ്പാക്കൈയുടെ ഉപരിതലത്തിൽ കൈപ്പത്തിചേർത്ത് അവശനായി നിന്നുകൊണ്ട് ആ പിതാവു പുത്രിയെ വിളിച്ചു. ദാഹംകൊണ്ട് അയാൾ വിഷമിക്കുന്നു.

"എന്തുവാ, അപ്പച്ചാ?"—അവൾ അന്വേഷിച്ചു.

"ഒന്നു കുടിക്കാൻ."

ഒരു അസിരുച്ചട്ടി നിറച്ച് കഞ്ഞിവെള്ളവുമായി റാഹേൽ പിതാവിന്റെ പക്കൽ ചെന്നു. കിട്ടിയപാടെ ആ പരവശൻ അതു കുടിച്ചുതുടങ്ങി. കഞ്ഞിവെള്ളം കുടിക്കുന്നത് അയാൾക്കു വളരെ ഇഷ്ടമാണ്. തന്നെയല്ല, വിയർത്തൊലിച്ചു നില്ക്കുമ്പോൾ പച്ചവെള്ളംകുടിച്ചാൽ ജലദോഷത്തിനു കാരണവുമാണ്. ആവശ്യബോധത്തിന്റെ ഗൗരവത്താൽ മൂന്നുനാലു കവിൾ ഇറക്കിയശേഷം വല്ലായ്മ നിഴലിക്കുന്ന മുഖത്തോടുകൂടി അയാൾ ചോദിച്ചു.

"എന്റെ മോളേ—ഇതെങ്ങനെ കുടിക്കുന്നു. നാഴി കഞ്ഞിവെള്ളംപോലും ചോറ്റേ നേരെ കുടിക്കാനില്ല." പലതും സഹിക്കേണ്ട ആ കൃഷിക്കാരൻ പരാതി പറഞ്ഞു.

"എന്റെ അപ്പച്ചാ തെകുന്നില്ല; അതിനുമുമ്പ് അരിവെന്തു."

റേഷൻ അരിയെപ്പറ്റി റാഹേൽ റിപ്പോർട്ടു

---

ണ്". കോട്ടയം പട്ടണത്തിൽനിന്നും നമ്മെ ഓട്ടിയോടിക്കണമെന്ന്, അടുത്തകാലത്ത് ഇവിടത്തെ ഒരു ദിനപ്പത്രം ലജ്ജയില്ലാതെ എഴുതിവിട്ടിരിക്കുന്നതു കണ്ടു. ഇവിടത്തെ പൗരന്മാരെന്നു അഭിമാനിക്കുന്നവർ ഇവിടെ കുടിയേറുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പുമുതലേ നാം ഇവിടെ പാർത്തുവരുന്നു. നമ്മെ മുനിസിപ്പൽ ടൗണിനു പുറത്താക്കുന്നതിനുള്ള ശ്രമങ്ങൾ ഇവിടത്തെ പൊതുജനങ്ങൾ പല അവസരങ്ങളിലും നടത്തിയിട്ടുണ്ട്. അന്നെല്ലാം ബഹുമാനപ്പെട്ട മുനിസിപ്പാലിറ്റി നമുക്കു വേണ്ട സഹായങ്ങൾ ചെയ്തുതന്നു. അവ മേലിലും ഉണ്ടാകുമെന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല."

(ഈ ഘട്ടത്തിൽ ഒരു യുവകൊറ്റുക്, ഇന്നു കോട്ടയം പട്ടണത്തെ ഭരിക്കുന്നതു നികുതിദായകസംഘം തെരഞ്ഞെടുത്ത അംഗങ്ങളാണെന്നും അവർ ജനങ്ങളുടെ ഇഷ്ടത്തിനൊത്തു വല്ലതും ചെയ്യാനിടയുണ്ടെന്നും ഇതേപ്പറ്റി അദ്ധ്യക്ഷനു എന്താണു പറയാനുള്ളതെന്നും ചോദിച്ചു.)

"എന്റെ യുവസഹോദരനോ മറ്റാരെങ്കിലുമോ ഭയപ്പെടേണ്ടതില്ല. നികുതിദായകസംഘം സ്ഥാനാർത്ഥികളെ നിറുത്തുകയും അവർ വമ്പിച്ച വിജയം കരസ്ഥമാക്കുകയും ചെയ്തപ്പോൾ ഞാനും വല്ലാതെ ഭയപ്പെട്ടതാണ്. പക്ഷെ തെരഞ്ഞെടുപ്പുകഴിഞ്ഞിട്ട് ഇപ്പോൾ ഒരു കൊല്ലമായിരിക്കുന്നു. അവരിൽനിന്നു നമുക്ക് ഒരു ശല്യവും ഉണ്ടാവുകയില്ലെന്നുള്ളതിനു അവരുടെ ഇതേവരെയുള്ള പ്രവർത്തനങ്ങൾ സാക്ഷ്യം വഹിക്കുന്നതാണ്. ഇവിടത്തെ ജനങ്ങൾക്കു നമ്മെയാകെ ടൗണിനു പുറത്താക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും അവരുടെ ഹിതമനുസരിച്ച് യാതൊന്നും ചെയ്യുന്നതല്ലെന്നു പല മുനിസിപ്പൽ കൗൺസിലറന്മാരും എനിക്കുറപ്പു തന്നിട്ടുണ്ട്. മാ

(ശേഷം 9-ാം പേജിൽ)

സമർപ്പിച്ചു. അതു പച്ചരിയായിരുന്നു. നെല്ലും, പൊടിയും, പൊടിയരിയും, കല്ലും സഹിക്കാം; അവയുടെ ഉള്ളിൽ യോഗനിദ്രയിൽ ലയിച്ചിരുന്ന ജീവരാശികളായിരുന്നു വിഷമം

പ്രാണായാമപടുക്കളായ യതിവര്യന്മാർ ജലത്തിനു മുകളിൽ നിഷ്പ്രയാസം ശയിക്കാറുണ്ടു്. ഈ അരിക്കൂട്ടങ്ങൾക്കും അതു സാധിക്കും. നോമ്പുകാലത്തു് ആഹാരത്തിൽ മാംസബന്ധം ആ ക്രിസ്ത്യാനിക്കു നിഷിദ്ധമത്രെ. പക്ഷെ റേഷൻ അരി ഉപയോഗിക്കുന്നവർക്കു് അതെങ്ങനെ സാധിക്കും.

"എന്റെമോളെ, നല്ലൊരു നോമ്പായിരുന്നു. കഞ്ഞിവെള്ളത്തിനു പകരം സൂപ്പാണല്ലോ കുടിക്കുന്നതു്."

പിതാവിന്റെ തമാശകേട്ടു റാഹേൽ ചിരിച്ചുപോയി. അവൾപറഞ്ഞു—"പച്ചരിയല്ലാതെ ഒറ്റപ്പീടികേലെങ്കിലും പുഴുക്കലരി കിട്ടുന്നില്ല. നാട്ടോടെ നടപ്പുള്ളതല്ലേ. ഇന്നി ഇതുപോലും കിട്ടുകേലന്നാ"

"എന്തു്"—ആ കർഷകനു വെറുപ്പായി.

"ഈ പച്ചരിപോലും"—

"അരിതരാനില്ലെങ്കിൽ എല്ലാത്തിനും കൂടെ വിഷംതന്നു അങ്ങു കൊന്നേക്കട്ടെ. എന്നാൽ ബുദ്ധിമുട്ടില്ലല്ലോ. ഈ പത്തും മൂവായിരോമൊക്കെ മേടിക്കുന്നോർക്കു അറിഞ്ഞുകൂടായിരുന്നോ ക്ഷാമം വരാൻ പോകുന്നെന്നു്. വരാമ്പോകുന്ന കാര്യം കാണാൻ കണ്ണില്ലാത്തോരു പിന്നെ എന്തിനു് ഇതിനൊക്കെ പോകുന്നു?

വൃദ്ധന്റെ അത്തരം വാദഗതി റാഹേലിനെ സംബന്ധിച്ചടത്തോളം നിഷ്ഫലമാണു്. അവൾക്കു് അതൊന്നും അറിഞ്ഞുകൂടാ.

മർക്കോസുചേട്ടൻ വീണ്ടും കിളയ്ക്കാൻ തുടങ്ങി. ദാരിദ്ര്യത്തിന്റെ മാറിലേക്കു വീഴുന്ന വെട്ടുപോലെ തൂമ്പാ അയാളുടെ കൈയിൽനിന്നു മുമ്പോട്ടു കുതിച്ചുകൊണ്ടിരുന്നു.

അയൽക്കാരിൽ ഒരാൾവന്നു മർക്കോസുചേട്ടനോടു പറഞ്ഞു:—"മർക്കോസുചേട്ടനറിഞ്ഞോ, പുരയിടത്തിൽ നല്ലപോലെ കൃഷിചെയ്യുന്നോർക്കു സർക്കാരിന്നു സമ്മാനംകൊടുക്കുമെന്നു്''

"അതു കൃഷിചെയ്തുകഴിഞ്ഞല്ലേ. ചെയ്യുന്നേരമന്പു വല്ലതും കൊടുത്തിരുന്നെങ്കിൽ!! വേണ്ട ഒന്നും സഹായിക്കാതിരുന്നാ മതിയായിരുന്നു."

രണ്ടുമൂന്നു പരിഷ്കാരികൾ ആ കർഷകന്റെ അടുക്കൽച്ചെന്നു.

"നിങ്ങളുടെപേരെന്തു്?" അവർ ആ കർഷകനോടു ചോദിച്ചു.

"മർക്കോസ്"—എന്താവിശേഷം?" വിവരമറിയാൻ വൃദ്ധനു തിടുക്കമായി. അയാൾ അവരെ ഗൃഹത്തിലേക്കു നയിച്ചു. ആ കർഷകഗൃഹം പരിഷ്കാരികളായ ആ ചെറുപ്പക്കാരെ സ്വീകരിക്കത്തക്കവിധം ശക്തിയുള്ളതായിരുന്നില്ല. അവർക്കു നൽകാൻ ഒരു കസേരപോലും അവിടെയില്ല. തിണ്ണയിൽ ചിതറിക്കിടക്കുന്ന ചപ്പും കുപ്പയും കൈച്ചൂലുകൊണ്ടുകൂടി റാഹേൽ തൂത്തുവാരി. അവൾ അതിഥികൾക്കു് ഇരിക്കുവാൻ ഒരു പായ് നിവർത്തു.

"വേണ്ട, ഞങ്ങൾക്കിരിക്കണമെന്നില്ല; ഇവിടെ വാഴയെത്രയുണ്ടു്"—അവർ ചോദിച്ചു.

ആ ചോദ്യത്തിനു മുമ്പിൽ ഇടിവെട്ടേൽക്കുന്നതുപോലെ വൃദ്ധൻ ഞെട്ടിപ്പോയി.

വാഴവെട്ടുവാൻ ആളുകൾ ഇറങ്ങിയിട്ടുള്ള കഥ അയാൾ നേരത്തെ കേട്ടതാണു. അവരാണു തന്നെ സമീപിച്ചിരിക്കുന്നതു് എന്നറിഞ്ഞപ്പോൾ ആ പാവപ്പെട്ടകർഷകന്റെ ഉള്ളിൽ തീപിടിച്ചു.

അയാൾക്കു് കഷ്ടിച്ചു് ഒരേക്കർ സ്ഥലമുണ്ടു്. അത്യദ്ധ്വാനംകൊണ്ടു ഫലപുഷ്ടിപ്പിച്ച കുറെ വാഴയാണു് ആ പുരയിടത്തിന്റെ പച്ച; ആ കർഷകകുടുംബത്തിന്റെ തണൽ. കണ്ണനും പാളേങ്കോടനും പൂവനും ഏത്തനുമായ വാഴകൾ. ആ കുടിലിലെ ജീവിതച്ചുമടുവഹിച്ചുകൊണ്ടിരുന്ന മരതകക്കാറ്റാടികളായിരുന്നു അവ. ഇലയും നാരും വിറ്റു് അയാളുടെ കുട്ടികൾ എങ്ങനെയായാലും ആഴ്ചയിൽ ഒരു രൂപായെങ്കിലും ആദായമുണ്ടാക്കും. വെള്ളിയാഴ്ച ചന്തയിൽ കൊണ്ടുപോകുന്നതിനു് ഒരു കുലയെങ്കിലും കർഷകനു കിട്ടുകയുംചെയ്യും. അവ വെട്ടുകയെന്നുവരുന്നതും അയാളുടെ കഴുത്തുവെട്ടുന്നതും ഒരുപോലെതന്നെ.

"പറയൂ എത്രവാഴയുണ്ടു്''—അവർ വീണ്ടും ചോദിച്ചു. എനിക്കറിഞ്ഞുകൂടാ; ഞാൻ എണ്ണിനോക്കിയിട്ടില്ല. ഇത്രേം വാഴയുണ്ടു്''—വാഴക്കൂട്ടത്തിന്റെ നേർക്കു കൈയോടിച്ചുകൊണ്ടു വൃദ്ധൻ തുടർന്നു.—ഇതാണു് എന്റെ "അന്നന്നേപ്പം"

"തന്റെ അന്നന്നേപ്പം, വാഴവെട്ടാൻ ഓർഡർ പാസ്സായ കാര്യം തനിക്കറിഞ്ഞുകൂടേ? ഈ വാഴയെല്ലാം വേഗം വെട്ടിക്കൊള്ളണം"

"അയ്യോ, രോഗമുള്ള വാഴയല്ലേ വെട്ടേണ്ടതു്?" ഗദ്ഗദകണ്ഠനായ ആ കർഷകൻ ചോദിച്ചു?

"ഇതിനു രോഗമില്ലെന്നു തനിക്കെങ്ങനെയറിയാം. താനാണോ ഇതൊക്കെ നിശ്ചയിക്കുന്നതു്?"

ആ ചോദ്യംകേട്ടു് ആ വാഴത്തൈകൾ ഞെട്ടിപ്പോയി. "ഇതിനു രോഗമൊന്നുമില്ലെന്നുള്ളതു് എനിക്കറിയാം. ഞാൻ കൃഷിക്കാരനല്ലേ; രോഗമുള്ളതു് ഞങ്ങൾക്കു് തിരിച്ചറിയാം."

"എടോ, താൻ വകുപ്പും ചട്ടവുമൊന്നും പറ

(ശേഷം 17—ാംപേജിൽ)

ചെറുകഥ

# കാററാടികൾ

## (ചെക്കോവ്)

പോലീസ് ഹെഡ്കാൺസ്റ്റബിൾ മി. അഖിമിലോവ്, തനിക്ക് മിനിഞ്ഞാന്നോ നാലഞ്ചുനാളോ മറെറാ കിട്ടിയ പുതിയ യൂണിഫോറമണിഞ്ഞ് ഒന്നു ഞെളിഞ്ഞു ഞെളിഞ്ഞ്, അളന്നു കാലടികൾവച്ചു തെരുവിൽകൂടി അങ്ങിനെ നടന്നു പോവുകയാണ്. ഇടത്തെ കക്ഷത്തിനു കീഴിൽ ഒരു ബ്രൗൺപേപ്പർപ്പൊതി—അതിനുള്ളിൽ എന്താണോ എന്തോ?—ഇരുപ്പുണ്ട്. പുറകെ തൊട്ടു തൊട്ടില്ലെന്ന മട്ടിൽ ഒരു കോങ്കണ്ണൻ പോലീസ് കാൺസ്റ്റബിളും അനുഗമിക്കുന്നുണ്ട്. അയാളുടെ കയ്യിൽ ഒരു ചൂരൽ വട്ടി നിറയെ ചെറുനാരങ്ങാകൾ ഇരിക്കുന്നു. അതു കണ്ടുകെട്ടിയവകയാണ്—അല്ലാതെ പിടിച്ചുപറിച്ചെടുത്തതല്ല!

തെരുവിൽ [illegible]ളിലും നിശ്ശബ്ദത നിറഞ്ഞുനിൽക്കുന്നു. ഒരൊററ ജീവിയെപ്പോലും കണ്ണുകൊണ്ടു കാൺമാനില്ല. സമൃദ്ധിയുടെ ജന്മഭൂമിയായി, തുടക്കത്തിൽ ഈശ്വരൻ സൃഷ്ടിച്ചുവച്ച ഈ ലോകത്തെ വിഴുങ്ങുവാനെന്നോണം, ആർത്തിയോടെ പിളർക്കപ്പെട്ട വായ്കളെപ്പോലെ കടകളുടെയും മേടകളുടെയും കുടിലുകളുടെയും വാതലുകൾ തുറന്നു കാണപ്പെടുന്നു. എങ്കിലും ഒരു തെണ്ടിപോലും എങ്ങും നിഴലിടുന്നില്ല.

പൊടുന്നനവെ ആരോ ഉച്ചത്തിൽ ഒച്ചവച്ചുന്ന ശബ്ദം ഹെഡ് കാൺസ്റ്റബിളിന്റെ കർണ്ണങ്ങളിൽവന്നു പതിച്ചു:—“അപ്പോൾ നിനക്കു കടിക്കണം—അല്ലേ, തെണ്ടിക്കഴുവേ! ഉം! ഞാൻ കടിപ്പിക്കാം. പിള്ളാരേ: അതിനെ വിടല്ലേ! വിടല്ലേ....വന്നു വന്നു നടക്കാവേ ആളുകൾക്കു നടക്കാനും മേലാതായി....പിടിച്ചോളണേ. വിടല്ലേ!”

ഒരു പട്ടിയുടെ മോങ്ങലും തുടർന്നു; ഉയർന്നു കേട്ടു. ഹെഡ്കാൺസ്റ്റബിൾ ആ കോലാഹലത്തിന്റെ ആഗമനസ്ഥലത്തേക്ക് തിരിഞ്ഞുനോക്കിയപ്പോൾ ആ പിച്ചുഗിന്റെ മരഡിപ്പോയിൽനിന്നും ഒരു പട്ടി തൊന്തിത്തൊന്തി ഓടുന്നതു കണ്ടു—മൂന്നു കാലിൽ. പച്ചലോങ്ക്ളോത്തിന്റെ ഉടുപ്പിട്ട ഒരു വിദ്വാൻ അതിനെ അനുധാവനം ചെയ്യുന്നു. പട്ടിയെ പിടിച്ചു പിടിച്ചില്ലെന്ന മ

(ഏഴാം പേജിൽനിന്നു തുടർച്ച)

ത്തല്ല, ഞാനും എന്റെ കൂടെവന്ന പ്രാസംഗികന്മാരും ഇന്നലെ ഇവിടത്തെ നഗരസഭാദ്ധ്യക്ഷന്റെ അതിഥികളായി അദ്ദേഹത്തിന്റെ മനോഹരമായ ഭവനത്തിൽ താമസിക്കയുണ്ടായി. അദ്ദേഹത്തിൽനിന്നും നമുക്കു യാതൊരുപദ്രവും ഉണ്ടാകുകയില്ലെന്നു എനിക്കു ഉറപ്പു പറയാൻ കഴിയും. ജനങ്ങളുടെ ഹിതത്തിനൊത്തു മുനിസിപ്പൽ കൗൺസിൽ തുള്ളുകയില്ലെന്നുള്ളതിനു വിശ്വസിക്കാവുന്ന തെളിവുകൾ വേറെയും ഉണ്ട്. വെള്ളം കിട്ടാതെ പൊരിയുന്നവരെന്നു പറയുന്ന എത്ര കുടുംബങ്ങൾ ഇവിടെ ഉണ്ട്. സ്കൂൾകുട്ടികൾ തൊണ്ടവരണ്ട് റോഡിൽ വീണ കഥ നിങ്ങൾ കേട്ടില്ലെ. റോഡിലെ പൊടികൊണ്ടു വിഷമിക്കുന്നവർ പ്രക്ഷോഭണം കൂട്ടിയിട്ടില്ലെ. എന്നിട്ടെന്തെങ്കിലും ഫലമുണ്ടായോ? അഥവാ മുനിസിപ്പൽ കൗൺസിലിനു നമ്മുടെ നേരെ എന്തെങ്കിലും ദ്രോഹം ചെയ്യണമെന്നാഗ്രഹമുണ്ടെങ്കിൽകൂടി വളരെ ഭയപ്പെടാനൊന്നുമില്ല. അവരുടെ അധികാരം പരിമിതമാണ്. മുനിസിപ്പൽ കമ്മീഷണർ എന്നൊരു ഉദ്യോഗസ്ഥൻ ഉള്ളതു നിങ്ങൾക്കറിയാമല്ലോ. അദ്ദേഹം നമ്മെപ്പോലുള്ള അവശരെ രക്ഷിക്കുന്നതിനായി നിയുക്തനാണ്. അതുകൊണ്ടു യാതൊരു ആശങ്കയും വേണ്ട. പട്ടണത്തിന്റെ പ്രധാന ഭാഗങ്ങളിൽ താമസിക്കുന്നതിനു ഇന്നുള്ള സകല സൗകര്യങ്ങളും മേലിലും നമുക്കുണ്ടായിരിക്കുന്നതാണ്. ആസ്പത്രിയിലും വൈ. എം. സി. എ-യിലും പ്രധാന ഹോട്ടലുകളിലും, മുനിസിപ്പൽ മന്ദിരത്തിലുമെല്ലാം നമ്മുടെ ആളുകൾ ഇന്ന് ആയിരക്കണക്കായി താമസിച്ചുവരുന്നുണ്ട്. യാതൊരു കാരണവശാലും ഈ അവകാശം ഉപേക്ഷിക്കുന്നതിനു നാം തയ്യാറാകുന്നതല്ല. നമുക്കു വേണ്ട കൂടുതൽ സഹായങ്ങൾക്കായി ഒരു നിവേദകസംഘം മുനിസിപ്പൽ ചെയർമാനെയും ദിവാൻജിയെയും ഉടനെ സന്ദർശിക്കുന്നതാണ്.”

സമ്മേളനോദ്ദേശത്തിന്നനുസൃതമായ ഏതാനും പ്രമേയങ്ങൾ പാസ്സാക്കുകയുണ്ടായി.

ട്ടിലായപ്പോൾ അയാൾ ക്ഷണത്തിൽ മുന്നോട്ടാഞ്ഞുവീണ് അതിന്റെ പൃഷ്ഠകാലിൽ കയറി പിടികൂടി. പിന്നെയും പട്ടിയുടെ മോങ്ങൽ. പിന്നെയും "ഉം! നിന്നെക്കടിപ്പിക്കാം" എന്ന വിളി. ഇതുകേട്ട് അവിടവിടെ ജനലുകളിലും വാതിലുകളിലുമായി നിദ്രാവിഷ്ടമായ ചില മുഖങ്ങൾ പ്രത്യക്ഷപ്പെട്ടു. അപ്പോഴേക്കും ആ തടിഡിപ്പോവിന്റെ പരിസരത്തിൽ, ഭൂമിയിൽനിന്നും പൊട്ടികിളുർന്നു വന്നപോലെ ഒരു ചെറിയ ആൾക്കൂട്ടവും കൂടികഴിഞ്ഞു.

"എന്ത്? ബഹളമേ ഒന്നു നോക്കിയാട്ടങ്ങത്തേ!" പോലീസുകാരൻ പറഞ്ഞു.

മി. അഖിമിലോവ് ഇടത്തോട്ട് ചുവടുവച്ചുതിരിഞ്ഞ് ആ ആൾക്കൂട്ടത്തെ സമീപിച്ചു. ഡിപ്പോവിന്റെ ഗേററിനു സമീപം ആ നീല ലോങ്ങ് ക്ലോത്തുകാരൻ നിൽക്കുകയാണ്. തന്റെ രക്തസ്നാതമായ ഒരു കൈവിരൽ, അയാൾ ആളുകളെ ഉയർത്തിക്കാണിക്കുന്നു. അയാളുടെ അർദ്ധപ്രജ്ഞാമാത്രമായ മുഖത്തിന്റെ ഭാവാർത്ഥം ഏതാണ്ട് ഇങ്ങനെയാണെന്നു തോന്നും: "തെമ്മാടീ! നീയവിടെനില്ല്! ഞാനിതിന് നിന്നെ കാണിച്ചുതരാം."

ഹേഡദ്ദേഹം നോക്കി. അയാൾ ആളിനെയും തിരിച്ചറിഞ്ഞു—നമ്മുടെ കിറുഖിൻ,—ആ കടിയൻ ആശാരി? ആൾക്കൂട്ടത്തിന്റെ ഒത്ത മദ്ധ്യത്തിൽ, അപാദചൂഡം വിറച്ചുകൊണ്ട് ആ ബഹളത്തിന്റെയെല്ലാം യഥാർത്ഥ ജനയിതാവ്- പൃഷ്ഠം കുത്തിയിരിക്കുന്നു—പുറത്ത് ചില ചെമ്പൻ പുള്ളികളുള്ള നീണ്ട വാലുള്ള ഒരു വെള്ളപ്പട്ടി. അവന്റെ നനഞ്ഞ കണ്ണുകളിൽ എല്ലാററിനോടും ഒരവിശ്വാസഭാവം സ്ഫുരിച്ചുകാണുന്നു.

"എയ്! കാര്യമെന്ത്?" ആളുകളെ തള്ളിമാററി മുന്നോട്ടു കയറിക്കൊണ്ട് മി. അഖിമിലോവ് ചോദിച്ചു "താനെന്തിനിവിടെ നിൽക്കുന്നു. തന്റെ വിരലിനെന്ത്? ആരാണിവിടെ കരഞ്ഞത്. ഇതെന്തു ബഹളമാണ്?...

"യജമാനനേ! ഞാനീ നടസ്ഥംവേ നടന്നുവരുവാരുന്നു—ഒരീച്ചയെപ്പോലും നോവിക്കാതെ—" കൈകളിലേക്ക് ചുമച്ചുകൊണ്ട് കിറുഖിൻ പറഞ്ഞു:—"ഈ ഡിപ്പോവിൽനിന്നും നമ്മുടെ ഡെമിട്രി ഡെമിട്രേവിച്ചിന്റെ വീടിനു തടിയെടുക്കാൻ. അപ്പൊഴുണ്ട്, ഈ നശിച്ച നായ എന്റെ കയ്യിലൊരു കടി. കേൾക്കണേ യജമാനനേ! ഞാനൊരു ജോലിക്കാരനാണ്. ചെയ്തു തീർക്കാൻ അടിയന്തരപ്പണി ഒരുപാടുണ്ടുതാനും. ഇനി ഒരാഴ്ചത്തേക്കെങ്കിലും ഈ കൈയെടുത്തു മെനങ്ങാനൊക്കത്തില്ല. ആരെങ്കിലുമെനിക്കു ചെലവിനു തരണം—അല്ലാതെങ്ങനാ? ലാപ്പുസ്തകത്തിലെങ്ങും പറഞ്ഞിട്ടില്ല, ഈ ജന്തുക്കൾക്ക് കാണുന്നവരെയൊക്കെ കടിക്കാമെന്ന്. ഒണ്ടോ, എജമാനനേ? അങ്ങിനെയാണെങ്കിപ്പിന്നെ ഈ ലോകത്തു ജീവിക്കുന്നതെന്തിന്? മരിക്കുകയാണു നല്ലത്."

"ഹും" വളരെ ഗൗരവത്തോടെ, കോപത്തോടെ പുരികം മേല്കീഴ് ചലിപ്പിച്ചുകൊണ്ട്, ഹേഡദ്ദേഹം ഗർജ്ജിച്ചു:—

"ഹും! ഇപ്പട്ടിയാരുടേതാണ്? ഞാനീക്കാര്യം അങ്ങിനങ്ങു വിടുമെന്ന് വിചാരിക്കണ്ടാ. ഇങ്ങിനെ പട്ടികളെ കണ്ടമാനം വിടുന്നവന്മാരെയെല്ലാം ഒരു പാഠം പഠിപ്പിക്കുന്നുണ്ട്. ഗൃഹം ചട്ടവുമൊന്നും അനുസരിക്കാത്ത കഴവേറികളെപിടിച്ചു നല്ല സമ്മാനം കൊടുക്കേണ്ട കാലമായിരിക്കുന്നു. എന്റെ കയ്യിൽ കിട്ടുമ്പം അവൻ മനസ്സിലാക്കും, ഇങ്ങിനെ കടിക്കുന്ന പട്ടികളെ അഴിച്ചുവിട്ടാലത്തെ അനുഭവം. ഞാനാരാണെന്ന് അവനപ്പഴറിയും. വരട്ടെ; ഞാൻ കാണിച്ചുകൊടുക്കാം! (പോലീസുകാരനോടു തിരിഞ്ഞ്) ആയിരത്തിളരുപത്തെട്ട്! ജന്തു ആരുടേതാണെന്നു തിരക്കി, ഒരെഫൈയാറെഴുത്ത്! ഇതൊരു പേപ്പട്ടി ആയിരിക്കാനും മതി. ഹും! ആരുടെ പട്ടിയാണിത്? ഇതിനെ വെറുതെ വിടാൻ പാടില്ല. കൊല്ലണം."

"നമ്മുടെ ഇഗാലോവ് സുപ്രണ്ടദ്ദേഹമില്ലേ—അദ്ദേഹത്തിന്റെ പട്ടിയെപ്പോലിരിക്കുന്നു"—ആൾക്കൂട്ടത്തിനിടയിൽനിന്നു ആരോ പറഞ്ഞു.

"സൂപ്രണ്ടജമാനന്റേതോ? ഹും! (പോലീസ്കാരനോട്) എൽഡ്റിൻ! എന്റെ കോട്ടൊന്നൂരിയേക്ക്. വല്ലാത്ത ഉഷ്ണം! മഴയുടെ ആരംഭമായിരിക്കും. ഒരു കാര്യമെനിക്ക് മനസ്സിലാകുന്നില്ല. ആ പട്ടി തന്നെയെങ്ങനെ കടിക്കും?" ആശാരിയോടു തിരിഞ്ഞുകൊണ്ട് ഹേഡ് പറഞ്ഞു.—താനൊരു തടിയൻ; മുട്ടാളൻ. അവൻ ഇത്തിപ്പോരമൊരു പട്ടിയും. തന്റെ വിരലിൽ അവനെത്തുകതന്നെയില്ല. നഖം കൊണ്ട് തന്റെ വിരലു മുറിഞ്ഞതാണ്. തീർച്ച! കുറച്ചു കഴിഞ്ഞപ്പോ പട്ടീടെ കാര്യം ഓർത്തു. പണം പിടുങ്ങാനുള്ള തന്റെ യുക്തി ഹും!! നിന്നെയൊക്കെ എനിക്കറിയാം— കള്ളബഡുവാകൾ!"

„ചുരുട്ട് കത്തിച്ച് അതിന്റെ മുഖത്തിട്ടു കുത്തി, ഇങ്ങേരതിനെ ശല്യപ്പെടുത്തി, സാറേ. അതു് ചൊണയുള്ളതായതുകൊണ്ട് കേറിയൊരു പിടീം കൊടുത്തു!"

"ഛേ! കള്ളം പറയാതടാ, കഞ്ഞാറാണ്ണാ! അവനതു കണ്ടില്ലങ്ങത്തേ! കാണാതെ കള്ളം പറേന്നു. യജമാനനറിയാം. ആളുകൾ പറേന്നതു കള്ളമാണോ നേരാണോ എന്ന്, ഒടേതമ്പുരാനേ

പ്ലോബെ. യജമാനൻ തന്നെ പറയട്ടെ, ഇതിന്റെ ഉള്ളതുമില്ലാത്തതും. ഇപ്പഴത്തെ ചാ പറയുന്നുണ്ട് നമ്മളെല്ലാം ഒരുപോലാണെന്നു്. എന്റെ അളിയനും ഒരു സർക്കാരുദ്യോഗസ്ഥനാണ്.

യജമാനൻ—ഛീ! വായടയ്ക്കടോ തന്റെ!"

"ഏയ്! ഇതു് സൂപ്രണ്ടജമാനന്റെ പട്ടിയല്ല! പോലീസുകാരൻ ആലോചനാമഗ്നനായി പറയുകയാണ് "സൂപ്രണ്ടജമാനനു് ഇത്തരം പട്ടികളില്ല. അവിടുത്തെ പട്ടികളെല്ലാം—"

"തീർച്ചയാണോ?"

"അതേ, മൂന്നു തരം!"

"അതേ, ഞാൻ നേരത്തെ തന്നെ പറഞ്ഞതല്ലേ?— എനിക്കറിയാം. അദ്ദേഹത്തിന്റെ പട്ടികൾ നല്ല വെല കൂടിയ രാജാങ്കം പിടിച്ച പട്ടികളാണ്. ഇതു്... ഇതിന്റെ മട്ടതന്നെ കണ്ടില്ലേ?— ഒരു ചൊവ്വും നിറപ്പുമില്ലാത്ത വെറും നാടൻ ചെററ! ഇതിനെയൊക്കെ വീട്ടിൽ വളർത്തുന്നവന്മാരെ— ഏം! നിങ്ങളെന്തു വിചാരിക്കുന്നു? ഇത്തരം പട്ടികൾ രാജധാനിയിലോ മററോ അലകാണിച്ചിട്ടുണ്ടെങ്കിൽ, അതിൻറനുഭവമറിയാമോ? അവര് തിരിഞ്ഞും പിരിഞ്ഞുമൊന്നും നോക്കത്തില്ല. നെട്ടുകെട്ടങ്ങു്-ങ്ഹാ! അത്രതന്നെ. കിറുക്കിൻ! തനിക്കു് മുറിവേററി, താൻ വേദനയനുഭവിച്ചു. ശരി! ഞാനിതങ്ങു വിടാൻ നിശ്ചയിച്ചിട്ടില്ല. എല്ലാത്തിനേം പരീക്ഷ കാണിക്കുന്നുണ്ടു്, അതിനു്കാലമായിട്ടുണ്ടു്."

"ചിലപ്പോൾ ഇതദ്ദേഹത്തിന്റെ തന്നെയാകാനും മതി. വാറിലെങ്ങും ഒന്നും എഴുതീട്ടില്ല. എന്നാലും ഇതുപോലൊന്നു് ഇന്നലെ അവിടെ നില്ക്കുന്നതു് കണ്ടതുപോലൊരോർമ്മ." പോലീസുകാരൻ സ്വയം പറയുകയാണ്.

"തർക്കമുണ്ടോ? ഇതദ്ദേഹത്തിന്റേതുതന്നെ.' ആൾക്കൂട്ടത്തിൽ നിന്നു് കടവയറൻ ഇവാനോവ് ഏറ്റുപറഞ്ഞു.

"എൽഡ്‌റിൻ! ആ കോട്ടിട്ടുതരൂ. തണുത്ത കാററടിക്കുന്നു. എന്തൊരു കുളിര്! ഇതിനെപ്പിടിച്ചു് അദ്ദേഹത്തിന്റെ വീട്ടിൽക്കൊണ്ടുകൊട്. ഞാൻ കണ്ടുപിടിച്ചു് തന്നയച്ചതാണെന്നു പറഞ്ഞേക്കു്. തെരുവിലെങ്ങും കണ്ടമാനം ഇനി അഴിച്ചു വിട്ടേക്കരുതെന്നുകൂടി പറഞ്ഞേക്കു്. അതു് വല്ല വിലപിടിച്ച പട്ടിയോ മറേറാ ആയിരിക്കാം. കാണുന്നതെണ്ടികളൊക്കെ അതിന്റെ മൂക്കേലിട്ടു് മുടാൻ തുടങ്ങിയാൽ— അതിന്റെ കഥയങ്ങുതീരും. ഈ പട്ടിയെന്നു പറഞ്ഞാൽ, തീരെ ലഘുവായ ഒരു ജീവിയാണ്. അതിനു് താൻ— താഴ്ത്തിയിടടോ തന്റെ കൈ; രാസ്കൽ! തന്റെയാ വൃത്തികെട്ട വിരൽ ഇവിടാരും പ്രദർശിപ്പിക്കേണ്ട കാര്യമില്ല. കടിക്കാണെങ്കിൽ, അതു് തന്റെ കുററമാണ്."

"അതാ വരുന്നു—സൂപ്രണ്ടദ്ദേഹത്തിന്റെ വേലക്കാരൻ. അവനോടു ചോദിച്ചാൽ മതി. ഹേയ്, പ്രോഖർ! ഇതാ ഇതിലേ വരൂ. ഇതു് നിങ്ങളുടെ പട്ടിയാണോ? ഒന്നു് നോക്കു്."

"ഈ പട്ടിയോ? ഞങ്ങളുടെ ജീവിതത്തിൽ ഇത്തരം പട്ടിയെ ഞങ്ങൾ വളർത്തീട്ടില്ല"

"അതിനിനി ചോദിക്കാനൊന്നുമില്ലന്നു്!" ഹെഡ്കാൺസ്റ്റബിൾ പറയുകയാണ്. "അതൊരു തെണ്ടിപ്പട്ടി; അത്രതന്നെ. തെണ്ടിപ്പട്ടിയെന്നു ഞാൻ പറഞ്ഞിട്ടുണ്ടെങ്കിൽ തെണ്ടിപ്പട്ടിതന്നെ, അല്ലാതെന്തു്? ഇതിനെ കൊന്നുതന്നെ തീരണം".

"ഇതു് ഞങ്ങൾടെതല്ല!, വേലക്കാരൻ തുടർന്നു "ഇതു് സൂപ്രണ്ടജമാനന്റെ അനിയന്റെ പട്ടിയാണ്. അദ്ദേഹം ഇവിടെ വന്നിട്ടുണ്ട്. എന്റെ യജമാനനു് ഇത്തരം പട്ടികളെ ഇഷ്ടമല്ല. പക്ഷേ, മറേറ അദ്ദേഹത്തിനു് ഇതൊന്നു് പറഞ്ഞാൽ അങ്ങു് ജീവനാ"

"വന്നിട്ടുണ്ടോ?- അദ്ദേഹത്തിന്റെ അനുജൻ, വ്ളാദിമർ ഇവാനോവിച്ച്!" ഹെഡിന്റെ വദനമണ്ഡലത്തിൽ ഒരാഹ്ളാദസ്മിതം പരന്നു "ഹാ! ഇതെന്തു് കൂത്ത്! എന്നിട്ട് ഞാനറിഞ്ഞില്ല! വെറുതെ വന്നതാണോ?"

"അതെ, വെറുതേ".

"ആയിരിക്കാം. ജ്യേഷ്ഠനെ കണ്ടിട്ടില്ലെങ്കിൽ അനുജനു് ഉറക്കമില്ല. അങ്ങനാണ് അവരുടെ ഇരിപ്പ്. എന്നിട്ട് ഞാനതറിഞ്ഞില്ലല്ലോ! അപ്പഴിതു് അദ്ദേഹത്തിൻറതാണ്. കൊള്ളാം വളരെനല്ലതു്! എനിക്കു വളരെ സന്തോഷമായി. ഇപ്പനെ കൊണ്ടുപോയേരു്. നല്ലൊരു പട്ടി! ചുണയുള്ളൊരു പട്ടി! ട്രീ—! കേറി അവന്റെ കയ്യേലൊരു പിടി! ഹാ! ഹാ! ഹാ! നീ ഇരുന്നു് വിറയ്ക്കുന്നതെന്തു്. കൊച്ചു തങ്കക്കുടമേ? ആ മനുഷ്യനൊരു വെറും തെമ്മാടിയാണ്".

വേലക്കാരൻ പ്രോഖർ തടിഡിപ്പോവിൽനിന്നും പട്ടിയേയും വിളിച്ചുകൊണ്ടുപോയി. കാഴ്ചക്കാരെല്ലാം വിഷണ്ണരായി നിന്നു് കുശാരിയെ നോക്കി പരിഹസിച്ചു.

"ഒരിക്കൽ നീ എന്റെ കയ്യിൽ വന്നു ചേരും........" ഹെഡ്കാൺസ്റ്റബിൾ അവസാനമായിട്ടു് ഒരു ഭീഷിണികൂടി നല്കി. പിന്നെ കോട്ടു വാങ്ങി ധരിച്ചുകൊണ്ടു് അയാൾ വീണ്ടും തെരുവീഥിയിൽ കൂടി മാർച്ചു് ചെയ്തു് കടന്നുപോയ്!

(വിവർത്തകൻ കെ. സുരേന്ദ്രൻ.)

# അവർ പറയുന്നു

## നമുക്കു ശക്തിയില്ല

—ജോർജ് ബർനാർഡ്ഷാ

ആംഗ്ലോ അമേരിക്കൻ സൈനികബന്ധം ഉറപ്പിക്കണമെന്നുള്ള ചർച്ചിലിന്റെ നിർദ്ദേശം സാധിതപ്രായമാകുന്നപക്ഷം റഷ്യയുമായി യുദ്ധപ്രഖ്യാപനമുണ്ടാകുമെന്നുള്ളതു് മാത്രമായിരിക്കും അതിന്റെ പരിണതഫലം. മററു ശക്തികളോടു കിടപിടിക്കുന്ന ഒരു ശക്തിയെ പുനരാവിഷ്കരിക്കണമെന്ന നയം സ്വീകരിക്കുക എന്നതാണ് ചർച്ചിൽ പറയുന്നതിന്റെ സാരം. അതായതു് റഷ്യൻ നിരക്കെതിരായി ഒരു പാശ്ചാത്യനിര സൃഷ്ടിക്കുക എന്നർത്ഥം. റഷ്യയുമായി ഒരു യുദ്ധമുണ്ടായാൽ കൊള്ളാമെന്നു താല്പര്യപ്പെടുന്ന അനേകമാളുകൾ ഈ രാജ്യത്തുണ്ടു്. മി. ചർച്ചിലിനെപ്പോലെയുള്ളവർ അതു നമ്മെ അനുസ്മരിപ്പിക്കയും ചെയ്യുന്നു.

## എന്താണു് സ്വാതന്ത്ര്യം?

—ജവഹരിലാൽ നെഹ്റു.

ഒരു പക്ഷെ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോയാൽ പോലും സ്വാതന്ത്ര്യം അതിന്റെ ശരിയായ അർത്ഥത്തിൽ കരഗതമാകയില്ല. വിശന്നുപൊരിഞ്ഞുവരുന്ന ഒരാളോടു് നീ സ്വതന്ത്രനാണെന്നു പറഞ്ഞതുകൊണ്ടു് എന്തൊരു മേന്മയാണുള്ളതു്. അതാണു് ഇന്ത്യയുടെ ഇന്നത്തെ നില. നാം സ്വാതന്ത്ര്യത്തിന്റെ വക്കിൽ എത്തിയിരിക്കയാണു്. സ്വാർത്ഥമതികൾ സ്വകാര്യലാഭത്തിനുവേണ്ടി അക്രമം പ്രവർത്തിച്ചു് സാധുക്കളുടെ ഹൃദയവികാരങ്ങളെ ചവുട്ടിമെതിക്കാതെ സൂക്ഷിക്കുകയും സ്വതന്ത്രമായ ഒരന്തരീക്ഷവും പരിസരവും സൃഷ്ടിക്കുവാൻ നാം ശ്രമിക്കയും വേണം.

## പ്രധാനപ്രശ്നം

—എം. എ. ജിന്നാ

ഞാൻ പല പ്രാവശ്യവും പറയാറുള്ളതുപോലെ മന്ത്രിസഭാ രൂപവൽക്കരണം എല്ലാംകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമല്ല. 1919-ലെയും 1935-ലെയും ഭരണഘടനയെ അംഗീകരിക്കാനാണു കോൺഗ്രസ്സ് ഇഷ്ടപ്പെടുന്നതെങ്കിൽ അവർ അങ്ങനെ ചെയ്തുകൊള്ളട്ടെ. ഇപ്പോഴത്തെ ഭരണസമ്പ്രദായം ഉടനടി അവസാനിപ്പിക്കയും പാകിസ്ഥാൻ സ്ഥാപിക്കയും ചെയ്യുക എന്നുള്ളതാണു നമ്മുടെ ആവശ്യം. പഞ്ചാബിലെ മുസ്ലീംസീററുകളിൽ നൂറു ശതമാനവും നമുക്കു സിദ്ധിച്ചു എന്നു വന്നാൽതന്നെയും പ്രധാനപ്പെട്ട കക്ഷികളുടെ സഹകരണമില്ലാതെ ഒരു മന്ത്രിസഭ രൂപവൽക്കരിക്കാൻ സാദ്ധ്യമല്ല.

## യുവജനങ്ങൾ

—സി കേശവൻ

സമുദായശരീരത്തിന്റെ ഹൃദയവും ജീവനാഡിയും യുവജനങ്ങളാണു്. അതിന്റെ പ്രമുഖഘടകങ്ങൾ ഇളകി പ്രവർത്തിക്കുന്നതു് യുവജനശക്തിയുടെ പ്രയത്നവും പ്രചോദനവുംകൊണ്ടു മാത്രമാകുന്നു. മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയും നിലനില്പും യുവലോകത്തിൽക്കൂടിയാണു്, ഇടതടവില്ലാതെ നീണ്ടുനീണ്ടു നിലകൊള്ളുന്നതു്. പഴയ തലമുറയെ താങ്ങുകയും പുതിയ തലമുറയെ താലോടി വളർത്തുകയും ചെയ്യുന്ന യുവത്വത്തിന്റെ സംരക്ഷണവൈഭവം ലോകത്തെ നിത്യജീവിതത്തിലേക്കു് ഉറപ്പിച്ചുനിറുത്തുന്നു. ഇന്നത്തെ കഴിവുകളുടെമേൽ നാളത്തെ ലോകം സൃഷ്ടിക്കുന്നതു യുവജനങ്ങളല്ലാതെ മററാരുമല്ല. യുവജനങ്ങളുടെ കഴിവുകളെമാത്രമല്ല, അവകാശങ്ങളെക്കൂടിയും വരിഞ്ഞുകെട്ടി ചോദ്യംചെയ്യുന്ന വ്യവസ്ഥകളോടു പോരാടിവിജയിക്കാതെ യുവത്വത്തിന്റെ മഹത്തായ കഴിവുകളെ ആവിഷ്കരിക്കുവാൻ കഴിയാത്ത സാമൂഹ്യവ്യവസ്ഥയുടെ നടുവിലാണു് ഇന്നും നമ്മൾ കഴിയുന്നതു്. ഈ വ്യവസ്ഥകളെ തകർക്കാൻ നമുക്കു കഴിയും. അവയുടെ അസ്ഥിവാരങ്ങളെല്ലാം ദ്രവിച്ചിരിക്കുന്നു. യുവജനങ്ങളുടെ സംഘടിതമായ ശക്തിയിൽനിന്നും വീശുന്ന കാററാൽ ഇതെല്ലാം തകർന്നു തരിപ്പണമാകും.

## ഹൈന്ദവനാഗരികത

—സർ സി. പി. രാമസ്വാമിഅയ്യർ

ഹൈന്ദവനാഗരികത ലോകമാസകലം പ്രചരിപ്പിക്കേണ്ട കാലം ഇതാ സമാഗതമായിരിക്കുന്നു. ഹൈന്ദവനാഗരികതയ്ക്കു മാത്രമെ ലോകത്തെ രക്ഷിക്കാൻ കഴിവുള്ളു എന്നാണു് എന്റെ സുദൃഢമായ വിശ്വാസം. ബ്രാഹ്മണർ തങ്ങളുടെ ചുററും കണ്ണോടിച്ചു് ഈ സാഹചര്യം മനസ്സിലാക്കുകയും അവരുടെ ഇടയിലുള്ള അഭിപ്രായഭിന്നതകളെ ഇല്ലായ്മ ചെയ്തുകൊണ്ടു് പ്രവർത്തനപരിപാടി രൂപവൽക്കരിക്കുകയും വേണം. ഭാരതീയജീവിതത്തിന്റെ മൗലികാടിസ്ഥാനങ്ങളെ വീണ്ടും ബ്രാഹ്മണർ പിടിച്ചെടുക്കുകയും വിവിധഭാരതീയാദർശങ്ങൾക്കു ജീവൻ നൽകുകയും വേണം.

# പതിമ്മൂന്നാം പേജ്

(ബാലൻ)

പഞ്ചാബിൽ ഒരു സംയുക്തകക്ഷിയുണ്ടായിരിക്കുന്നു. ബാലനു് അതിലത്ഭുതം തോന്നുന്നില്ല. എന്തിനാണത്ഭുതം തോന്നുന്നതു്. കോൺഗ്രസ്സ് നേതൃത്വം ശരിയാണെന്നു തീരുമാനിച്ച നയം തെറ്റാണെന്നു പറയാൻ ബാലനാരാണു്? നമ്മുടെ പോളിറ്റിക്സ് മുഴുവൻ തറവാടിത്തത്തിന്റെ അടിസ്ഥാനത്തിലാണല്ലോ നടക്കുന്നതു്. യൂണിയനിസ്റ്റ് കക്ഷി ഗവർണ്ണറുടെ പാവയാണെങ്കിലെന്താ കുറ്റം. ഏതായാലും ലീഗിനെ തോല്പിച്ചല്ലോ. അതു മതി. ഇത്രയധികം സീറ്റ് പഞ്ചാബിൽ സമ്പാദിക്കാനവർക്കെന്താണവകാശം. മുസ്ലീം സീറ്റുകളിൽ 90 ശതമാനം കിട്ടിയെന്നു ജിന്നാ ജയഭേരിയടിക്കുന്നു. 100 ശതമാനം കിട്ടിയാലെന്തു, വിശേഷം. മുസൽമാൻമാർ ദേശീയക്കാരല്ലല്ലോ. പിന്നെ അവർക്കു് എന്തെങ്കിലും പറയാനവകാശമുണ്ടോ. പിന്നെ അകാലികളുമായിട്ടുള്ള ബന്ധമാണു്. അവർക്കു സിക്കുകാരുടെ പിൻബലമുണ്ടു്. സിക്കുകാരെ സമാധാനിപ്പിക്കാനാണു് അവരെ കൂടി കക്ഷിയിൽ ചേർത്തതു്. സിക്കസീറ്റുകൾ അകാലികൾക്കു കിട്ടി. മുസ്ലീംസീറ്റുകൾ ലീഗിനും, കോൺഗ്രസ്സിനു്—ഏതോ ആരുടെയാണെന്നു ബാലനു് അറിഞ്ഞുകൂടാ. അകാലികൾക്കു സിക്കു പിൻതുണയുള്ളതുകൊണ്ടു് അവരെ മന്ത്രിസഭയിലെടുത്തു. ലീഗിനു മുസൽമാൻമാരുടെ പിൻതുണയുള്ളതുകൊണ്ടു് അവരെ തള്ളി. അതു മനസ്സിലാക്കാൻ വിഷമമുള്ള കാര്യമാണോ. അതു വിഷമമാണെങ്കിൽ പിന്നത്തെ കാര്യമോ. നിയമസഭയിൽ ഒന്നാംസ്ഥാനമുള്ള ലീഗിനു മന്ത്രിസഭയിൽ സീറ്റു പൂജ്യം. രണ്ടാംസ്ഥാനമുള്ള കോൺഗ്രസ്സിനു സീറ്റു രണ്ടു്. മൂന്നാംസ്ഥാനമുള്ള യൂണിയനിസ്റ്റുകാർക്കു മൂന്നു്. മുട്ടായിക്കച്ചവടക്കാരൻ ചിലപ്പാനം ഇടുന്നതുപോലെ പ്രധാന മന്ത്രിപദവും യൂണിയനിസ്റ്റിനു്. ഇതാണു പുതിയതരം കണക്കുശാസ്ത്രം.

ഒരു കുഴപ്പമേ ഉള്ളൂ. കഴിഞ്ഞ പ്രാവശ്യത്തെ കണക്കാണെങ്കിൽ, കോൺഗ്രസ്സ് മന്ത്രിമാർക്കു ശമ്പളം 500 രൂപാ, യൂണിയനിസ്റ്റുകാർക്കു മൂവായിരം. ഇപ്രാവശ്യം എന്താ ചെയ്യുന്നതു്.

എന്തൊക്കെയായാലും കാര്യം സാധിച്ചല്ലോ. ഭർത്താവു മരിച്ചാലെന്താ നാത്തൂന്റെ കണ്ണീരു കണ്ടല്ലോ.

X X X

“ക്രിസ്ത്യൻ സംസ്കാരം അപകടത്തിൽ. അതുകൊണ്ടു വിശ്വാസികളെ, മഹാപാപികളെ ഉടനെ തയാറെടുക്കുക. സോവിയറ്റുറഷ്യ നിങ്ങളുടെ കുടുംബങ്ങളെയും ഞങ്ങളുടെ ക്രിസ്ത്യൻ സാമ്രാജ്യത്തെയും നശിപ്പിക്കാൻ പോകുന്നു. അതുകൊണ്ടു നമുക്കെല്ലാവർക്കുംകൂടി വിശുദ്ധ ആറ്റംബോമ്പുകൊണ്ടു് ഒരു കുരിശുയുദ്ധം നടത്താം” എന്നു ദിവ്യശ്രീ ചർച്ചിൽ.

എന്റെ അളിയാ അന്നു് മോസ്കോയിൽ പോയി സ്റ്റാലിന്റെ വാലും പിടിച്ചുകൊണ്ടു് നടന്നപ്പോൾ തന്റെ ക്രിസ്തുമതം എവിടെയായിരുന്നു? അവരാണു തന്റെ രാജ്യത്തെ രക്ഷിച്ചതെന്നു പ്രസംഗിച്ചു നടന്നപ്പോൾ തന്റെ ഭക്തി ഭാര്യയെ ഏല്പിച്ചിരിക്കയായിരുന്നോ. സാമ്രാജ്യത്വത്തെ പിരിച്ചുവിടാനല്ല പ്രധാനമന്ത്രിയായതെന്നു് വിളിച്ചുകൂവിയതോർക്കുന്നോ. എന്നിട്ടു തന്നെയല്ലേ പിരിച്ചുവിട്ടതു്. ഈ വയസ്സുകാലത്തു് വ്യാമോഹങ്ങൾ കളഞ്ഞു് പരലോകത്തിലെ ജീവിതത്തിനു വേണ്ടി ഒരുങ്ങുക മൂഢാത്മാവേ!

X X X

സായ്പിന്റെ രാജ്യത്തു “വീക്കെൻസ്” എന്നു പറഞ്ഞൊരേർപ്പാടുണ്ടു്. ശനി ഞായർ ഈ ദിവസങ്ങളിൽ വിനോദത്തിനു പോവുക എന്നാണിതിനർത്ഥം. നല്ല പണക്കാർ വെടിവെക്കുവാൻ പോവുകയാണു പതിവു്. ഈയിടെ അതു് ഇൻഡ്യയിലേക്കു് മാറിയിരിക്കുകയാണെന്നു കേട്ടു. പത്രമെടുത്താൽ വെടിവെപ്പുമാത്രമേ കാണാനുള്ളു. ബോംബെ, ഡൽഹി, കൽക്കട്ടാ, മദ്രാസ് ഇങ്ങിനെ കുറെ. ഇംഗ്ലണ്ടിൽ വെടിവയ്ക്കുന്നതു കുറുക്കനെയാണു്. കുറുക്കന്റെയെണ്ണം കുറഞ്ഞുതുടങ്ങിയതുകൊണ്ടായിരിക്കുമോ ഇൻഡ്യയിലെ ജനങ്ങളെ ആയിക്കളയാം എന്നു തീരുമാനിച്ചിരിക്കുന്നതു്. ഇങ്ങനെ വെടിവച്ചുതന്നെ ഭരണം നടത്താൻ കഴിയുമെന്നാണോ ധാത ധരിച്ചിരിക്കുന്നതു്.

കഴിയുമായിരിക്കാം. വെടിവെപ്പു മുഴുവനും കമ്മ്യൂണിസ്റ്റുകാരുണ്ടാക്കുന്നതാണെന്നല്ലേ സൂപ്പർ നേതാജി പട്ടേൽ അരുളിച്ചെയ്തതു്.

X X X

പക്ഷെ ഇതുകൊണ്ടൊന്നും നിൽക്കുകയില്ലെന്നും തോന്നുന്നുണ്ടു്. ഈജിപ്തിലും വെടിവെപ്പുണ്ടെന്നു് കേട്ടു. അവിടെയും പട്ടേൽമാരുണ്ടോ പോലും.

X X

# അവർ കീഴടങ്ങിയെന്നോ?

[എം. എം. ചെറിയാൻ ബി. ഏ., ബോംബെ]

അവരുടെ സമരം ഇൻഡ്യൻജനതയുടെ സ്വാതന്ത്ര്യസമരത്തിന്റെ അവിഭാജ്യമായ ഒരു ഭാഗമായിരുന്നു. സാമ്രാജ്യത്വത്തിനടിയിൽകിടന്നു പിടയുന്ന 40 കോടി ജനങ്ങളുടെ മുക്തിക്കുവേണ്ടിയുള്ള 50 കൊല്ലത്തെ സമരത്തിന്റെ അവസാനത്തെ അദ്ധ്യായങ്ങളിൽ ഒന്നാണു് ഇൻഡ്യൻ നാവികസേനയുടെ മൂന്നുദിവസത്തെ സമരം. അവരുടെ സമരം സ്വാതന്ത്ര്യത്തിനും നീതിക്കുംവേണ്ടിയുള്ളതായിരുന്നു. കയ്പില്ലാത്ത ചോറിനും, രുചിയുള്ള കറിക്കുംവേണ്ടി മാത്രമല്ലായിരുന്നു അവർ ആയുധം ഏന്തിയതു്. നാട്ടുകാരുടെ അഭിമാനംപാലിക്കുവാൻ— കറുത്തനിറത്തെ വെറുക്കുന്ന വെള്ളക്കൊക്കുകളുടെ സാമ്രാജ്യദുർമ്മോഹം ചെറുക്കുവാൻ— ആണു് അവർ സമരംചെയ്തതു്. അങ്ങനെ അവർ നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഒരിക്കലും മായാത്ത ഒരദ്ധ്യായംകൂടെ രചിച്ചു.

അവരുടെ എണ്ണം ഇരുപതിനായിരംവരും. ചുറുചുറുക്കും, ധീരതയും, തന്റേടവുമുള്ള യുവാക്കന്മാർ—യുവത്വം തുളുമ്പുന്ന ഭാവിഭാരത ശില്പികൾ—അവർ കപ്പലിൽ കയറി ജപ്പാനും ജർമ്മനിക്കുമെതിരായി ആയുധം ഉയർത്തി. തങ്ങളിലും തങ്ങളുടെ ദേശത്തിന്റെ അന്തസ്സിലും അവർ അഭിമാനഭരിതരായി.

നിന്ദ്യമായ പെരുമാറ്റം അവരെങ്ങിനെ സഹിക്കും? കറുത്തനിറത്തെ അധമമെന്നു കരുതുന്ന സായിപ്പന്മാരുടെ അഹംഭാവത്തെ അവരുടെ ധീരഹൃദയങ്ങൾ സഹിക്കുന്നതെങ്ങിനെ? ആ വെള്ളക്കാരൻ ഉദ്യോഗസ്ഥൻ—ചോദിക്കുന്നു.—"തെണ്ടിപ്പരിഷകൾക്കൊ ശമ്പളക്കയറ്റം?......തെരുവുതെണ്ടികൾക്കൊ ഭേദപ്പെട്ട ആഹാരം?" അഭിമാനമുള്ള ഒരൊറ്റ ഭാരതീയനെങ്കിലും ഈ നിന്ദ പൊറുക്കുമോ? അവരിതിനെ ചെറുത്തു! അടിമുതൽ മുടിവരെ ചെറുത്തു. പണിമുടക്കി.

അവരുടെ നാടിന്റെ അഭിമാനംകാക്കാൻ അവരുടെ യുവത്വത്തിന്റെ അന്തസ്സുപോറ്റാൻ,

---

അന്നാമിനു് (ഇൻഡോചൈനാ) സ്വാതന്ത്ര്യം കിട്ടിയെന്നു് പത്രത്തിൽ വായിച്ചു. അതു ശരിയാണെങ്കിൽ അതെങ്ങിനെ സംഭവിച്ചുവെന്നാലോചിക്കേണ്ടതാണു്. ദേശാഭിമാനികൾ സമരം ചെയ്തുകൊണ്ടാണെന്നുള്ളതിനു സംശയമില്ല. പക്ഷെ ഇന്നത്തെ ഫ്റഞ്ചു് ഗവർമ്മെന്റിനും അതിനുത്തരവാദിത്തമുണ്ടായിരുന്നേക്കാം എന്നു പറഞ്ഞാൽ കേളപ്പൻ എന്നോടു പിണങ്ങുമൊ എന്തോ.

Z Z Z

"കാണണമെന്നു പറഞ്ഞു," ആരു് ആരോടു് എപ്പോൾ പറഞ്ഞു. ദിവാൻജിയവർകൾ ചാഴികാടനവർകളെ കാണണമെന്നു് പറഞ്ഞോ; ചാഴികാടനവർകൾ ദിവാൻജിയവർകളെ കാണണമെന്നു പറഞ്ഞോ.

ഈ പ്രശ്നം തീരുമാനിക്കാൻ ഉടൻ ഒരു റോയൽകമ്മീഷൻ (അതു സൗകര്യപ്പെട്ടില്ലെങ്കിൽ രണ്ടു് ഐ. ഡി. കാരെയെങ്കിലും) നിയമിക്കേണ്ടതാണെന്നു് സവിനയം അഭിപ്രായപ്പെട്ടുകൊള്ളുന്നു,

X X X

കോൺഗ്രസ്സിന്റെ സാമൂഹ്യാദർശം സമത്വമാണെന്നാണു് കാമരാജനാടാർ പറയുന്നതു്. അതിനെ നിങ്ങൾക്കു കമ്മ്യൂണിസമെന്നോ സോഷ്യലിസമെന്നോ വിളിക്കാം. അതേതായാലും മോസ്ക്കോ മാതൃകയായിരിക്കുകയില്ല. ശരിതന്നെ നാടാർസാറേ, ഗാന്ധിജി പക്ഷപാതിയാണെന്നു കണ്ടുപിടിച്ച നിങ്ങൾ മോസ്ക്കോയിൽ സമത്വമില്ലെന്നും കണ്ടുപിടിക്കും. ചർച്ചിലിന്റെ കുരിശുയുദ്ധത്തിനു് റിക്രൂട്ടിംഗ് ആഫീസറാവാൻ ഒരപേക്ഷയയച്ചുനോക്കുക. ക്രിസ്ത്യനല്ലെങ്കിലും അദ്ദേഹം സ്വീകരിച്ചേക്കും. പക്ഷെ ഒരു കുഴപ്പം. ഇങ്ങനെ സോവിയറ്റു വിരോധം പുറത്തു കാണിച്ചാലുണ്ടല്ലൊ, നമ്മുടെ വിരോധം കമ്മ്യൂണിസത്തോടാണെന്നു് ആളുകൾ മനസ്സിലാക്കുകയില്ലേ. 1942-ലെ കഥയല്ലേ നമ്മൾ പറഞ്ഞുകൊണ്ടുനടക്കുന്നതു്. ഇന്ത്യൻകമ്മ്യൂണിസ്റ്റുകാരോടു മാത്രമെ എതിർപ്പുള്ളു എന്നു പറയണം. മറക്കരുതു് കേട്ടോ?

X X X

മാർത്തോമ്മാ ശ്ലീഹായോടു് സങ്കടംപറയാൻ കുറെ തീർത്ഥാടനക്കാർ മദ്രാസിനു പോകുന്നുണ്ടെന്നു കേട്ടല്ലൊ. മൈലാപ്പൂരിലല്ലേ അദ്ദേഹം താമസിക്കുന്നതു്. ആ സ്ഥലത്തു തന്നെ വേറൊരു പുണ്യക്ഷേത്രവുമുണ്ടു്. അവിടെ ഒന്നു കയറിയേച്ചുപോരണേ! സംഭാരമെങ്കിലും കിട്ടും.

അവർ എതിർത്തു. അധികാരികളുടെ ആജ്ഞ നിരസിച്ചു. ഈ എതിർപ്പിൽ അവർ ഭാരതത്തിന്റെ സ്വാതന്ത്ര്യക്കൊടി ഉയർത്തി.

X X X

മൂന്നു പതാകകൾ വാനിൽ ഒരുമിച്ചുയർന്നു. മൂന്നും സ്വാതന്ത്ര്യത്തിന്റെ കൊടികൾ—ഇൻഡ്യൻ ജനകീയപതാകകൾ-ത്രിവർണ്ണ പതാക, ചന്ദ്രക്കലയുള്ള പച്ചക്കൊടി, ചുവപ്പുപതാക.

രാഷ്ട്രീയാഭിപ്രായ ഭിന്നതകൾക്കതീതരായി ആ യുവാക്കന്മാർ ഉയർന്നു. സാമ്രാജ്യശക്തിക്കെതിരായി നാമെല്ലാം ഒന്ന്—കോൺഗ്രസുകാരും, ലീഗുകാരും, കമ്മ്യൂണിസ്റ്റുകാരും. മൂന്നു പതാകകൾ ഒരുമിച്ചുയർത്തുകയാൽ അവർ ദേശീയ കക്ഷികൾക്ക് നേതൃത്വം നൽകിയിരിക്കുന്നു എന്നു ഞാൻ പറയും. നമ്മുടെ സ്വാതന്ത്ര്യമാർഗ്ഗം അവർ കാട്ടിയിരിക്കുന്നു-മുക്തിമന്ത്രം അവർ ഉപദേശിച്ചിരിക്കുന്നു. 40 കോടി ജനങ്ങൾ ഒരുമിച്ചാൽ—മൂന്നുകൊടികൾ ഒന്നിച്ചുയർത്തിയാൽ—നമ്മുടെ രാഷ്ട്രീയസംഘടനകൾ യോജിച്ചാൽ- നിഷ്ഠൂരമായ സാമ്രാജ്യമർദ്ദനത്തിനറുതിവരുത്താം, സ്വാതന്ത്ര്യം നേടാം. ഇൻഡ്യൻ നാവികഭടന്മാർ ബോംബെ നഗരവീഥിയിൽ ഉയർത്തിയ ആ മൂന്നു കൊടികളുടെ സന്ദേശം സഹ്യന്റെ താഴ്വരകളിലും, കന്യാകുമാരിയിലെ മണൽക്കാട്ടുകളിലും അലതല്ലട്ടെ!

അവർ തെരുവീഥിയിൽ ഉയർത്തിയ ആ ജയാരവം, അവർ സംഘടിപ്പിച്ച ഘോഷയാത്ര, അധികാരികളെ ഭയവിഹ്വലരാക്കി, നാട്ടുകാർ ഈ 'വിപ്ലവകാരി'കളുടെ പക്ഷംചേർന്നാൽ?......അവരുടെ ഇരിപ്പിടം വിറകൊണ്ടു. സാമ്രാജ്യസിംഹം അതിനെ നേരിടുന്ന ആപത്തു കണ്ടറിഞ്ഞു. ഫ്ളാഗോഫീസർ ഉത്തരവിട്ടു.-"ഒരുവരും ക്യാമ്പിനു പുറത്തുപോയ്ക്കൂടാ" പട്ടാളം അവരുടെ ക്യാമ്പുവളഞ്ഞു. തങ്ങളുടെ സംഘടനാശക്തിക്കെതിരായി, തങ്ങളുടെ ന്യായമായ അവകാശങ്ങളെ അടിച്ചമർത്താൻ, സ്വാതന്ത്ര്യത്തെ തടയുവാൻ, പട്ടാളമോ? "ഞങ്ങളെ പട്ടിണിയിട്ടു കീഴടക്കാമെന്നോ? ഹേ! ഒരിക്കലുമില്ല. ഞങ്ങൾക്കു പുറത്തുപോവാൻ സ്വാതന്ത്ര്യംവേണം. ആഹാരംകഴിക്കണം. കാവൽ മാററിക്കിട്ടണം. ഇല്ലെങ്കിൽ ഞങ്ങൾ പോകും. ആജ്ഞ ലംഘിക്കും."

X X X

കാവൽ പട്ടാളത്തിന്റെ ആ വെടിയുടെ നാദം മിന്നൽപിണരുകൾപോലെ ഓരോ ഇൻഡ്യൻ യുവാവിന്റെയും ഹൃദയത്തിൽ മിന്നി...... "ഞങ്ങളെ വെടിവച്ചാൽ ഞങ്ങളും വെടിവയ്ക്കും" അവർ ആയുധശാല കൈക്കലാക്കി. കപ്പലുകളും കൈവശപ്പെടുത്തി. "ഇനി ഞങ്ങൾ സാമ്രാജ്യത്തിന്റെ ദാസന്മാരല്ല, സ്വതന്ത്ര്യഭാരതത്തിന്റെ നാവികഭടന്മാരാണ്" എന്നവർ ലോകത്തോട് കമ്പിയില്ലാക്കമ്പിമാർഗ്ഗം അറിയിച്ചു..... "ഞങ്ങളുടെ നാവികസേന! ഞങ്ങളുടെ കപ്പലുകൾ! ഞങ്ങളുടെ ആയുധശാല!" ഇരുപത്തു പടക്കപ്പലുകളിൽ ത്രിവർണ്ണപതാക പാറിപ്പറന്നു......"എല്ലാ തോക്കുകളും നിറയട്ടെ. എല്ലാവരും തയ്യാറായിനിൽക്കുവിൻ" പണിമുടക്കു കമ്മിററിയുടെ അദ്ധ്യക്ഷൻ ആജ്ഞനൽകി. "കരയിൽനിന്നു വെള്ളപ്പട്ടാളം വെടിവച്ചാൽനമും തിരിച്ചുകൊടുക്കും" വെള്ളപ്പട്ടാളം വെടിവച്ചു. നമ്മുടെ കുട്ടികൾ തിരിച്ചുകൊടുത്തു......ഇനിമേൽ നാം ഭീരുക്കളല്ല! മരിച്ചാലും അഭിമാനം കാക്കും!

വെടിനാദംമുഴക്കി. ആകാശം പുകകൊണ്ടിരുണ്ടു. ബോംബെ പട്ടണംകുലുങ്ങി. എന്താണു സംഭവിക്കുന്നതു്? ബ്രിട്ടീഷ് സാമ്രാജ്യശക്തിയെ നമ്മുടെ കുട്ടികൾ—"തെണ്ടിപ്പരിഷകൾ, തെരുവുതെണ്ടികൾ" വെല്ലുവിളിക്കുകയാണ്. ഇന്നലെവരെ സാമ്രാജ്യശക്തിയുടെ ആജ്ഞാനുവർത്തികൾ ഇന്നു് വിപ്ലവത്തിനെഴുന്നേററു. അതെ, അതൊരു വിപ്ലവമായിരുന്നു. അസമത്വത്തിനും അനീതിക്കുമെതിരായുള്ള ധീരപോരാട്ടം. അക്രമത്തിനും അസ്വാതന്ത്ര്യത്തിനുമെതിരായുള്ള ഘോരസമരം. അതാണ് വിപ്ലവം. വിപ്ലവം നീണാൾ വിജയിക്കട്ടെ!!

X X X

ഒരുകാലത്തു് "കാസിൽബാരക്സ്" യുദ്ധത്തിന്റെ പൂർണ്ണചരിത്രം ലോകം അറിയും. ശിക്ഷണം, ശാന്തത, ആത്മസംയമനം, ധീരത, ഉഗ്രത, തീക്ഷ്ണത ഇവയെല്ലാം ഭാരതീയ യുവത്വം തെളിയിച്ച ഒരു ചരിത്രമായിരിക്കുമതു്. സ്വാതന്ത്ര്യത്തിന്റെ തണലിൽ നിന്നുകൊണ്ടു് മരണത്തെ ധീരതയോടെ വെല്ലുവിളിച്ചതിന്റെ ചരിത്രമാണതു്. അവർ നമ്മുടെ മാംസത്തിന്റെ മാംസവും, അസ്ഥിയുടെ അസ്ഥിയുമായ യുവ നാവികന്മാരാണ്.

വിപ്ലവകാരികളോടു ചേരുവാൻ നിശ്ചയിച്ച ഒരു നാവികോദ്യോഗസ്ഥൻ "കാസിൽബാരക്സി"ന്റെ ഭിത്തിയോടുചേർന്നു നിന്നുകൊണ്ടു് ധീരതയോടെ ഉന്നംതെററാതെ നിറയൊഴിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ധീരത മററുള്ളവർക്കു് മാതൃകയായിരുന്നു. വെള്ളപ്പട്ടാളത്തിന്റെ ഒരുണ്ട. ആ ധീരയുവാവു് നിലംപതിച്ചു. തന്റെ സഖാക്കൾ ബഹുമാനപുരസ്സരം ശാന്തമായി തങ്ങളുടെ ധീരസഖാവിനെ അവസാനമായി അഭിവാദ്യംചെയ്തു.

അവർ ആ ചുടുനിണത്തിൽ വിരൽ മുക്കി തങ്ങളുടെ സഹപാഠി വീരമരണമടഞ്ഞ സ്ഥലത്ത് ഒരു കുരിശടയാളം വരച്ചു......യാതൊരു കാര്യസാദ്ധ്യത്തിനുവേണ്ടി, യാതൊരാദർശത്തെ പുലർത്തുവാൻവേണ്ടി, തങ്ങളുടെ സ്നേഹിതൻ ജീവൻ ത്യജിച്ചുവോ, ആ കാര്യം സാധിക്കുവാൻ, ആ ആദർശം പുലർത്തുവാൻ, മരണംവരെ പോരാടുമെന്നുള്ള ദൃഢനിശ്ചയമാണ് ആ അടയാളം കുറിച്ചത്.

x x x x

«കീഴടങ്ങുവിൻ! ആയുധംവച്ചു കീഴടങ്ങുവിൻ!» വായുവിൽക്കൂടി അഡ്മറൽ ഗോഡ്ഫ്റി ഗർജ്ജിച്ചു. "കീഴടങ്ങുന്നില്ലെങ്കിൽ നാവികപ്പടയാകെ നശിപ്പിക്കും"......നമ്മുടെ കുട്ടികളെ കൊന്നൊടുക്കുമെന്ന്! ആ ധീരയുവാക്കന്മാരെ നശിപ്പിക്കുമെന്ന്!

ബോംബെ പട്ടണം ഉറക്കത്തിൽനിന്നെന്നപോലെ ഞെട്ടിയുണർന്നു. ചെന്നായുടെ വായിൽനിന്ന് കുഞ്ഞിനെ രക്ഷിക്കുവാൻ ഓടുന്ന മാതാവെന്നവണ്ണം പട്ടണവാസികൾ ഇളകി. മൂന്നുലക്ഷം തൊഴിലാളികൾ പണിയായുധം വലിച്ചെറിഞ്ഞ് തെരുവിലിറങ്ങി. വിദ്യാർത്ഥികൾ പുസ്തകങ്ങൾ കെട്ടിവച്ചു പുറത്തുവന്നു. കച്ചവടസ്ഥലങ്ങൾ പൂട്ടി.

വിമാനപ്പടയാളികൾ സംഘം ചേർന്ന് പണിമുടക്കി. അവർ ഒരു വമ്പിച്ച ഘോഷയാത്ര തെരുവീഥിയിൽക്കൂടി നയിച്ചു. "ഞങ്ങളുടെ സഹോദരന്മാരെ തൊട്ടുപോകരുതേ" എന്നവർ ആർത്തു. ഇൻഡ്യൻ വിമാനസേനയും ബ്രിട്ടീഷ് സാമ്രാജ്യശക്തിയെ വെല്ലുവിളിച്ചു. ഇതാണ് പുതിയ ചരിത്രം സൃഷ്ടിക്കൽ! ഇതാണ് സ്വാതന്ത്ര്യസമരചരിത്രം! ഇതാണ് വിപ്ലവവൃത്താന്തം!

സാമ്രാജ്യത്വം അതിന്റെ സർവ്വനഗ്നതയും പ്രത്യക്ഷപ്പെടുത്തി. പ്രാണികളെ കൊല്ലുവാൻ 'ഫ്ളിറ്റ്' തളിക്കുന്നതുപോലെ സാമ്രാജ്യത്തെ രക്ഷിക്കുവാൻ പട്ടണവാസികളുടെ മേൽ വെടിയുണ്ടകൾ വർഷിച്ച ആ വെള്ളിയാഴ്ച ദിവസം ഭാരതീയർക്കന്നൊരു ദുഃഖവെള്ളിയാഴ്ച തന്നെ ആയിരുന്നു. എന്റെ ഹൃദയം വികാരങ്ങൾകൊണ്ടു നിറഞ്ഞു......പെരുവഴിയിൽ മരിച്ചുവീണ സ്ത്രീപുരുഷന്മാരുടെ രക്തത്തിൽ കൊടികൾ മുക്കി നമുക്കു പ്രതിജ്ഞ ചെയ്യാം; അവരുടെ ഘാതകന്മാരെ ഈ പുണ്യഭൂമിയിൽനിന്നും തുരത്തുന്നതുവരെ നാം വിശ്രമിക്കുകയില്ലെന്ന്. അവരുടെ ചോരയാൽ പാവനമാക്കപ്പെട്ട ഭൂതലം നമ്മുടേതാകുവോളം നാം ഉറങ്ങുകയില്ലെന്ന്!

ഇരുപതു ബോംബർവിമാനങ്ങൾ പട്ടണത്തിനു മുകളിൽ ചുറ്റിക്കൊണ്ടിരുന്നു. സാമ്രാജ്യത്തിന്റെ പ്രതാപം കാട്ടുവാൻ! ഭയപ്പെടുത്തി നാവികപ്പടയാളികളെ കീഴടക്കിക്കളയാമെന്നവർ അവരുടെ അജ്ഞതയാൽ വ്യാമോഹിച്ചു. പട്ടിണിയിട്ടു കീഴടക്കാമെന്നവർ നിനച്ചു. പക്ഷെ «കറുത്ത തൊലിയുള്ള ആ തെണ്ടിപ്പരിഷകൾ'' അവരുടെ ധീരപോരാട്ടം തുടരുകതന്നെ ചെയ്തു.

ഗോഡ്ഫ്റിയുടെ അന്ത്യശാസനമല്ല, വല്ലഭായിപ്പട്ടേലിന്റെ നിർബന്ധമാണ് അവരുടെ കൊടി താഴ്ത്തിയത്. വല്ലഭായി—ആ നേതാവും പറഞ്ഞു.—"നിരുപാധികമായി കീഴടങ്ങുവിൻ''! ആ സന്യാസിയും «അക്രമരാഹിത്യ'' മന്ത്രം ഉരുവിടുവാൻ ആജ്ഞനൽകി.

കഷ്ടം! സാമ്രാജ്യദുഷ്പ്രഭുക്കളുടെ ഔദാര്യബുദ്ധിയിൽ ഇനിയും വിശ്വാസമോ! ആ സർപ്പം എത്രതവണ ഈ കാലിൽ കൊത്തി. ഇനിയും ആ ഫണത്തിൽ ഉമ്മവയ്ക്കുകയോ? പുള്ളിപ്പുലിയുടെ പുള്ളി മായുമോ? ഈ രാഷ്ട്രീയവീക്ഷണം, ഈ രാജ്യതന്ത്രജ്ഞത! എന്നാണാവോ നാം ഈ വലയിൽനിന്നും പുറത്തുവരിക!!

x x x

അവർ കീഴടങ്ങിയെന്നോ? അവർ സമരം ചെയ്തു. അവർ കീഴടങ്ങി. «നമ്മുടെ കപ്പലുകളെ" അവർ അവസാനമായി 'നമ്മുടേ'തായി കണ്ടു. നിറഞ്ഞ കണ്ണുകളോടുകൂടി അവർ വെള്ളക്കൊടികൾ അവയിൽ തൂക്കി. കീഴടങ്ങി. 'നമ്മുടെ കപ്പലുകളെ' അവസാനമായി ഒരു നോക്കു കാണുവാൻ സമുദ്രക്കരയിൽ തിങ്ങിക്കൂടിയ ജനാവലിയുടെ നയനങ്ങളും കലുഷമായി. അവർ ആയുധംവച്ചു കീഴടങ്ങി- പക്ഷെ അവരുടെ ഹൃദയം നീറുകയാണ്. «ഞങ്ങൾ ഞങ്ങളുടെ അഭിമാനം കാത്തു. «ഞങ്ങളുടെ ധീരതയും ദേശാഭിമാനവും വെളിപ്പെടുത്തി. ഇനി ഞങ്ങൾ അസമത്വവും അനീതിയും ഒരു നാളും പൊറുക്കുകയില്ല. വിപ്ലവകാരികൾ! മർദ്ദകന്മാരെ! നിങ്ങളുടെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു. മാനമായി ഇൻഡ്യ വിട്ടുപോകുവിൻ! അല്ലെങ്കിൽ!!—ഇതാണ് അവരുടെ ഹൃദയം പുലമ്പുന്നത്.

അവർ കീഴടങ്ങി, ആ ധീരയുവാക്കന്മാർ ആയുധംവച്ചു. പക്ഷെ സാമ്രാജ്യശക്തിക്കല്ല അവർ കീഴടങ്ങിയത്, അവരുടെ നാട്ടുകാർക്കാണ്. അവരുടെ പ്രിയ ഭാരതത്തിനവർ അടിയറവച്ചു. അവർ നീണാൾ ജയിക്കട്ടെ!

x x x

## ഒരു വാഴവെട്ട്

(8-ാംപേജിൽനിന്നു തുടർച്ച)

യേണ്ടാ. ഇതൊക്കെ രോഗബാധിതസ്ഥലങ്ങളാണ്. ഇതൊക്കെ ഗവർമ്മെൻറ് ഓർഡറാണ്. താൻ ഗസററ് നോക്കു.'

"അപ്പോ അതെന്തുവാ ഈ ഗജേററ്"'

"ഗജേററ്"'–ആ ഉദ്യോഗസ്ഥർക്കു ചിരി വന്നു. കോമൺസെൻസുപോലുമില്ലാത്ത ആ കർഷകൻെറ അടുക്കൽ സംസാരിക്കുന്നതു് അവരുടെ സ്റ്റാററസിനു യോജിച്ചതായിരുന്നില്ല. ചിരിയടക്കിക്കൊണ്ടു് അവരിൽ ഒരാൾ പറഞ്ഞു–എടോ ഗജേററല്ല; ഗസററ്; ഗസററെന്നു് താൻ കേട്ടിട്ടില്ലേ."

"ഇല്ല."

'ആ!. അതു വായിച്ചുനോക്കു്. സർക്കാരുവകയാ'

'അതു ചുമ്മാ കിട്ടുന്നതാണോ?"

"അതേ ചുമ്മാ!!"

"അപ്പോ, അല്ലാതെ ഞങ്ങൾക്കൊക്കെ അതെങ്ങനെ കിട്ടും."

"എടോ അതൊന്നും താനറിയേണ്ടാ, ഒരാഴ്ചക്കകം ഈ വാഴയെല്ലാം വെട്ടിക്കൊള്ളണം. അല്ലെങ്കിൽ ഞങ്ങൾ വെട്ടിക്കും. ഞങ്ങൾ വെട്ടിയാൽ ആ നഷ്ടംകൂടി താൻ കൊടുക്കേണ്ടതായിവരും, കേട്ടോ."

"നിങ്ങളിങ്ങനെ കണ്ണിച്ചോരയില്ലാതെ പറേണല്ലോ." ഉള്ളിൽ നിറഞ്ഞ സങ്കടത്തോടുകൂടി ആ കർഷകൻ തുടർന്നു–"ഇതൊക്കെ വെട്ടിക്കളഞ്ഞാൽപിന്നെ ഞാനെന്തു ചെയ്യും."

"എടോ, ഇവിടത്തെ വാഴക്കെല്ലാം രോഗമുണ്ട്. അതൊക്കെ വെട്ടിക്കളഞ്ഞേക്കൊള്ളണമെന്നു ഗവർമ്മെൻറിൽനിന്നു ഓർഡർ ഇട്ടിരിക്കയാണ്. അറിഞ്ഞോ.?"

ഓർഡർ ഗവർമ്മെൻറിൽനിന്നായിരുന്നു. അതിൻെറ മുമ്പിൽ ആ പാവം കൃഷിക്കാരൻ എന്തു ചെയ്യും. എങ്കിലും അയാൾ ചോദിച്ചു. 'അങ്ങനെയാണെങ്കി ഈ തെങ്ങിനുമൊണ്ടല്ലോ രോഗം, തെങ്ങായ തെങ്ങെല്ലാം കാററു വീണിരിക്കുന്നു. കവുങ്ങും. ദേ എൻെറ ഈ പ്ലാവേലെ ഒരു ചക്ക ആദ്യകാലത്തു് ഒരാൾ എടുക്കത്തില്ലായിരുന്നു. ഇപ്പം ഒരാഞ്ഞിലിച്ചക്കയോളമേ ഉള്ളു. അതും എട്ടോ പത്തോ. ആദ്യകാലത്തു് ഈ മണ്ണിൽ വളമേ വേണ്ടാരുന്നു. ഇപ്പം വളമിട്ടില്ലേ ഒരു ചുവടു ചുള്ളിപോലും പച്ചപിടിക്കുന്നില്ല. എന്നു വിചാരിച്ചു് ഈ മണ്ണെല്ലാം അങ്ങു് നശിപ്പിച്ചാ മതിയോ. ആദ്യം വെട്ടേണ്ടതു് ഈ തെങ്ങൊക്കെയാ. രോഗം വന്നാൽ എല്ലാം വെട്ടിക്കളഞ്ഞാ മതിയോ. അങ്ങനെയാണേൽ ഈ ആശുപത്രീം ഒന്നും വേണ്ടല്ലോ. എത്രാരം കൊന്നാപ്പിന്നെ ആശുപത്രി വേണോ. ഉന്നാണോ ഈ വാഴരോഗം? ഇതിനു മുമ്പെങ്ങും ഇതു് ഇല്ലായിരുന്നോ?'

ആ വാഴയുദ്യോഗസ്ഥന്മാർക്കു ദേഷ്യം വന്നു. അവരിൽ പ്രധാനി പറഞ്ഞു.

'എടോ, മതി നിറുത്തു്. തൻെറ പ്രസംഗം ഒന്നും കേൾക്കേണ്ടാ. വരുന്ന തിങ്കളാഴ്ചക്കകം ഈ വാഴയെല്ലാം വെട്ടി കുഴികുഴിച്ചു് അതിലിട്ടു മൂടിക്കൊള്ളണം.

അതിനാണു ഞങ്ങളെ നിയമിച്ചിരിക്കുന്നതു്. ഒന്നുരണ്ടല്ല; രൂപാ അയ്യായിരം വീതമാണു ഗവർമ്മെൻറിനു ചെലവു്. തനിക്കറിയാമോ."

"എതിനു്", ഈ വാഴവെട്ടാനോ?" ആ കർഷകൻ ചോദിച്ചു.

"ദളം, എന്താ?"

"എന്നാ അതു ഞങ്ങൾക്കു വല്ല വളമോ വിത്തോ തരാൻ ചെലവാക്കിയിരുന്നെങ്കിൽ!" മർക്കോസുചേട്ടൻ ആത്മാർത്ഥതയോടുകൂടി പറഞ്ഞു. പക്ഷേ ആ ഉദ്യോഗസ്ഥന്മാർക്കു് അതു പിടിച്ചില്ല. അവർ അവിടെനിന്നു സഗൗരവം നടന്നു.

കർഷകൻ അവരെനോക്കി വളരെനേരം അങ്ങനെ നിന്നുപോയി. നിറഞ്ഞ കണ്ണുകളോടുകൂടി വിഷാദമഗ്നനായിനിന്ന പിതാവിനെക്കണ്ടു റാഫേൽ പറഞ്ഞു. "അപ്പച്ചാ, നമുക്കു ഇവിടുന്നു പൊയ്ക്കളയാം, വല്ല മലബാറിലും പോകാം. കൃഷിചെയ്യാൻ ഭൂമിയില്ല, ചെയ്യുന്നവകയൊട്ടു ചെയ്യിക്കേമില്ല."

അന്നു ശനിയാഴ്ചയാണ്. ആ അവധിദിവസം തികയാൻ ഇനി ഒരു ദിവസം കൂടിയേവേണ്ടു. മർക്കോസുചേട്ടൻ ആ വാഴച്ചുവട്ടിലേക്കു നടന്നു. തൻെറ ജീവിതത്തിൻെറ രക്തധമനികളായ ആ ചെടികളുടെഓരോ ചുവട്ടിലും ഹൃദയഭാരത്തോടുകൂടിഅയാൾ നോക്കിനിന്നു. ആ ദുഃഖിതനിലുള്ള അനുകമ്പയാലോ എന്നു് തോന്നുമാറു് വാഴക്കൈകൾ മന്ദമായി വീശി അയാളെ ആശ്വസിപ്പിച്ചു. അയാൾ ആ ചെടികൾ എണ്ണിനോക്കി. കുലയ്ക്കാറായതും കുടം വന്നതുമായ അറുപതോളം ചെടികൾ. ഇവ ഓരോന്നുമാണല്ലോ താൻ വെട്ടേണ്ടതു് എന്നു വിചാരിച്ചു അയാളുടെ ഹൃദയം ഉരുകി. അവൾ ചിന്തിച്ചു. എങ്കിൽ എൻെറ പൗലോസിനെയും ജോണിനെയും റാഫേലിനെയുമൊക്കെ അങ്ങു വെട്ടിക്കളകയല്ലേ ഭേദം.

വെയിൽ മണ്ണു് ഉരുകിക്കൊണ്ടിരുന്നു. ചുററിത്തിരിഞ്ഞ ഇളംകാററിൽ തെല്ലൊരു ആശ്വാസം ഉണ്ടാക്കിക്കൊണ്ടു് ആ കർഷകൻ ഒരു വാഴച്ചുവ

ട്ടിൽ ഇരുന്നു. കാൽമുട്ടിൽ കൈമുട്ട് ഊന്നി ആ കൈപ്പത്തികൊണ്ടു ശിരസ്സുതാങ്ങി അയാൾ അങ്ങനെ ഇരിക്കയാണ്. അയാളുടെ പ്രിയപ്പെട്ട വരിക്കമാവിന്മേൽ അയാൾ നോക്കി. അതും ഈ പ്രാവശ്യം അയാളെ ചതിച്ചിരിക്കുന്നു.

അതു് ആ മാവിന്റെ മനഃപൂർവ്വം കൊണ്ടല്ല.

ഒന്നാംതരം വരിക്കമാങ്ങാ അതു നിറയെ കായിക്കാറുണ്ട്. ഈ പ്രാവശ്യവും അതു നിറയെ പൂത്തു. ഇല കാണാൻ പാടില്ലാതെ മുററിയ പൂപ്പു കണ്ടു് അയാൾ ആഹ്ലാദിച്ചു. പക്ഷെ നിലാവു് ആ മാവിനെ ചതിച്ചു. അദ്യം ഇരുട്ടുള്ള പക്ഷത്തിലാണ് ആ മാവു പൂത്തതു്. പാതിരാ കഴിയുമ്പോൾ നിലാവു തെളിയും. നേരം വെളുത്തതാണെന്നു വിചാരിച്ചു് മാമ്പൂ കണ്ണു തുറക്കും, അധരം വിടുർത്തും. പക്ഷെ ചതിയന്റെ മുമ്പിലാണു് തങ്ങൾ ചിരിക്കുന്നതെന്നു് അവ അറിഞ്ഞില്ല. അധരം വിടുർത്തി എഴുന്നേററ ഓരോ മാവിൻപൂവും ചന്ദ്രന്റെ വഞ്ചനയിൽപ്പെട്ടു് ഉരുകി താഴെവീണു് സൂര്യൻ വന്നു നോക്കുമ്പോൾ ആ മാവിന്മേൽ പൂവായ പൂവെല്ലാം മാവിൻചുവട്ടിൽ!!

മാവിന്റെ കാര്യം അങ്ങനെ. കൃഷിയിറക്കാനുള്ള വളമാണെങ്കിൽ ഒരു രൂപായ്ക്കു് ചാരം രണ്ടു പാട്ട മാത്രം. ചാണകവും അങ്ങനെതന്നെ. അത്യാവശ്യത്തിനുള്ള വളത്തിനു് എത്ര ചുരുങ്ങിയാലും ഒരു അൻപതു രൂപാ വേണം. അൻപതു ചക്രം ഉണ്ടായിരുന്നെങ്കിൽ, റാഹേലിനു് ഒരു ചട്ട അയാൾ തയ്പിച്ചേനേ. അവൾ ഇട്ടിരിക്കുന്ന പഴയ ചട്ട അവളുടെ മുററിത്തിങ്ങിയ മാറിൽ നിർദ്ദയമായ ഒരു കീറൽ സാധിച്ചുകൊണ്ടു് അങ്ങനെ കിടക്കുന്നു.

ആ ഇളംകാററിലിരുന്നു് അയാൾ ഒന്നു മയങ്ങിപ്പോയി. ഭയങ്കരമായ ഒരു സ്വപ്നം. ആ വാഴയായ വാഴയെല്ലാം വെട്ടിയിട്ടിരിക്കുന്നു. ചോരയൊലിപ്പിച്ചുകൊണ്ടു് ആ ഓരോ വാഴപ്പിണ്ടിയും എഴുന്നേററുനിന്നു് അയാളോടു പറയുന്നു.

അല്ലയോ ഉദാരനായ കർഷകാ, ഞങ്ങൾ പോകട്ടെ. നമ്മെ ഭിന്നിപ്പിച്ചു നിറുത്തുകയും വെട്ടിമുറിവേൽപ്പിക്കയും ചെയ്യുന്ന ഇന്നത്തെ ഭരണരീതിക്കു് ഉടനെ മാററമുണ്ടാകും. നിങ്ങളുടെ രാജ്യംവരുന്നു. ആ നിതാന്ത സ്വാതന്ത്ര്യമായ ഭൂമിയിൽ വച്ചു വീണ്ടും നമുക്കു കാണാം. നമസ്കാരം

“മർക്കോസുമാപ്പിളേ, മർക്കോസുമാപ്പിളേ” അയൽക്കാരൻ ഗോപാലൻനായരുവന്നു ആ സ്വപ്നക്കാരനെ ഉണർത്തി.

“എന്താ വാഴച്ചുവട്ടിൽ വന്നിരുന്നു് ഉറക്കംതൂങ്ങുന്നതു്?

«ഓ—ഒന്നുമില്ല. കാററുകൊണ്ടു് ഞാനിവിടെ ഇരുന്നു് ഒന്നു മയങ്ങിപ്പോയി.»

“അറിഞ്ഞോ, തെക്കേടത്തെ വാഴയായ വാഴയെല്ലാം വെട്ടി. വള്ളിക്കാട്ടെ മമ്മതു മേത്തരുടെ വാഴേം വെട്ടി. എന്റെ വാഴയും ഞാൻ വെട്ടാൻ പോകയാ. തന്നെന്താ വെട്ടാത്തതു്. വെട്ടിയില്ലേല്, അവരു വന്നു വെട്ടിക്കും. അച്ചെലവിനുപിന്നെ ഈ കുടിലുംകൂടെ ജപ്തി ചെയ്യും. എന്തുചെയ്യുന്നടോ. വരുന്നതൊക്കെ അനുഭവിക്കാം.’

ആ തിങ്കളാഴ്ച വളരെ നേരത്തെതന്നെ സൂര്യൻ ഉദിച്ചു. സാധാരണ മർക്കോസ്ചേട്ടൻ വാഴയ്ക്കു വെള്ളംകോരിക്കഴിഞ്ഞേ സൂര്യൻ വരാറുള്ളു.

അയാളുടെ കിടക്കപ്പായിൽ അന്നു വെയിലു കയറി. ആ പരവശൻ ഉണർന്നു. ഇടത്തുവശത്തു നിന്നു പുളിയിലിരുന്നു് ഉപ്പൻ വിളിച്ചു. കണ്ണുകൾ തിരുമ്മിക്കൊണ്ടു് ആ കർഷകൻ മുററത്തേക്കിറങ്ങി. അയാളുടെ അനുജൻ വറുഗീസ് ദൂരെനിന്നു നടന്നുവരുന്നു. ഒരുമൈൽ അകലെ നിന്നു് ആ സഹോദരൻ ഇത്രരാവിലെ തിടുക്കത്തിൽ നടന്നുവരുന്നതെന്തിനെന്നറിയാൻ മർക്കോസ്ചേട്ടൻ വെമ്പൽകൊണ്ടു.

“ചേട്ടാ, താസീൽദാരെജമാനുമൊക്കെ ഇന്നു് ഇറങ്ങേട്ടാ—വേഗം ഈ വാഴയൊക്കെ വെട്ടിക്കൊ” വന്നപാടെ തന്റെ ചേട്ടനു വറുഗീസു മുന്നറിവുകൊടുത്തു. അയാളുടെ വാഴയും അന്നുതന്നെ വെട്ടിത്തീർക്കണമായിരുന്നു.

“നേരമില്ല. ഞാൻപോന്നു.”—വറുഗീസുനടന്നു.

“ചിററപ്പം തൊള്ളിക്കാപ്പികുടിച്ചിട്ടു്”—റാഹേൽ അപേക്ഷിച്ചു. പക്ഷെ ആ ചിററപ്പനു നേരമില്ലായിരുന്നു.

അററംബോംബിന്റെയുഗത്തിൽ ജീവിക്കുന്ന ആ കർഷകൻ മൂർച്ചയുള്ള തന്റെ വെട്ടുവാളുമായി പുരയിടത്തിലേക്കിറങ്ങി.

അയാളുടെ കാലടികൾ ഇടറുന്നുണ്ടായിരുന്നു. കൈ വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ണും ഉണങ്ങിക്കഴിഞ്ഞു. ഹൃദയത്തിൽനിന്നു് ആരൊ നടത്തുന്ന വാഴവെട്ടിന്റെ മാറെറാലികളും.

ഒരു പൂവൻവാഴയുടെ ചുവട്ടിൽ അയാൾ നിന്നു. ഒററവെട്ടുകൊണ്ടു് അതു രണ്ടുതുണ്ടമാകിയിരുന്നെങ്കിൽ! അതിനാണു് അയാൾ ചെന്നിരിക്കുന്നതു്. പക്ഷെ അയാളുടെ കൈ ഉയരുന്നില്ല. ഉണങ്ങിയ ഒരു വാഴപ്പോള നീക്കിക്കളഞ്ഞശേഷം വളരെനേരം അയാൾ അവിടെ നിന്നുപോയി. വാഴയുടെ ശിരസ്സിലിരുന്നു് ഇളംകൊ

(ശേഷം 23-ാംപേജിൽ)

കലാവീഥി

# "സ്ത്രീ"യും "മായ"യും

(വിഹാരി)

രണ്ടു വർഷങ്ങൾക്കുമുമ്പ് പറവൂർവെച്ചു നടന്ന അഖിലകേരളസാഹിത്യപരിഷത്തിൽ ശ്രീ. കെ. രാമകൃഷ്ണപിള്ളയുടെ "നിഴലുകൾ" എന്ന നാടകം അഭിനയിക്കപ്പെട്ടപ്പോൾ ഒത്ത ശരീരവും, ചുരുണ്ട മുടിയും ആകർഷണീയമായ മുഖപ്രകൃതിയും ഉള്ള ഒരു യുവാവ് അതിൽ തന്റെ അഭിനയപാടവംകൊണ്ട് പലരേയും ആകർഷിക്കുകയുണ്ടായി. അന്ന് പ്രേക്ഷകരിൽ ഒരുവനായിരുന്ന എനിക്ക് ആ യുവാവാണ് "തിക്കുറിശ്ശി" സുകുമാരൻനായരെന്ന് മനസ്സിലായിരുന്നില്ല. കേരളത്തിനു തികച്ചും അഭിമാനം കൊള്ളാവുന്ന നടന്മാരിൽ ഒരുവനാണ് ശ്രീ തിക്കുറിശ്ശി എന്ന് എനിക്കന്നു തോന്നി. അന്നത്തെ ആ പ്രതീക്ഷകളുംകൊണ്ടാണ് ഇതെഴുതുന്നയാൾ ഈയിടെ ശ്രീ തിക്കുറിശ്ശി സ്വയം എഴുതി ഡയറക്ട് ചെയ്യുന്ന ഗീതനാടകങ്ങളായ 'സ്ത്രീ'യും 'മായ'യും' കാണുവാൻ പോയത്. അഭ്യസ്തവിദ്യനും അഭിനയവിദഗ്ദ്ധനുമായ തിക്കുറിശ്ശി മലയാളനാടകവേദിയുടെ ഉദ്ധാരണത്തിൽ എത്രത്തോളം വിജയിയായിട്ടുണ്ടെന്ന് അറിയുവാനായിരുന്നു എന്റെ ജിജ്ഞാസ.

'സ്ത്രീ' മനശ്ശാസ്ത്രപരമായ ഒരു നാടകമാണ്. സ്ത്രീ എന്നുള്ളത് അപഗ്രഥനത്തിനതീതമായ ഒരപൂർവ്വവസ്തുവാണെന്നും, 'ലോകത്തിന്' ഇന്നേവരെ ഉത്തരം കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ചോദ്യചിഹ്നമാണെന്നും സമർത്ഥിക്കുവാനാണ് നാടകകൃത്തിന്റെ ശ്രമം. കഥയിൽ മൂന്നു സ്ത്രീപാത്രങ്ങളുണ്ട്. ഒന്ന് സ്വപ്നപ്രേമിയും ആദർശപ്രിയനുമായ ഒരു കവിയുടെ വിലാസവതിയും വികാരദാഹമുള്ളവളുമായ ഭാര്യ. രണ്ട് അയൽവാസിയും ആഡംബരപ്രിയനുമായ വിജയന്റെ അപരിഷ്കൃതയും ഭർത്തൃപൂജയിൽ നിഷ്ഠയുള്ളവളുമായ ഗ്രാമീണഭാര്യ. മൂന്ന് കവിയെ രഹസ്യമായി ഉള്ളിൽ ആരാധിക്കുന്നവളുമായ ഒരു ഭൃത്യ. വിജയൻ, കവിയുടെ ഭാര്യ സുഷമയെ അഗാധമായി ഭ്രമിച്ചു പിടിച്ച് സ്നേഹിക്കുന്നു. പക്ഷെ സുഷമയാവട്ടെ, കവിയുടെ വാക്കുകളെ ധിക്കരിച്ച് ഒരു നർത്തകനായ മധുവിന്റെകൂടെ നടന്ന് "തേവിടിശ്ശിയാട്ടം" നടത്തുന്നു. കവി നിരാശരിതനായി വീട്ടുവിടുകയും ഒരു ഭയങ്കരകുടിയനാവുകയും ചെയ്യുന്നു. തന്റെ സ്വന്തം കുഞ്ഞിനെ അവൾ വലുതായാൽ ഇതിന്റെ അമ്മയെപ്പോലെതന്നെ ഒരു തേവിടിശ്ശിയായേക്കാമല്ലോ എന്നു ഭയന്ന് കവി തട്ടിക്കൊണ്ടുവന്ന് കൊന്നുകളയുന്നു. സുഷമയുടെ രൂപസൗഭാഗ്യം നശിക്കുമ്പോൾ മധു അവളെ ഉപേക്ഷിക്കുകയും അവൾക്ക് വസൂരി പിടിക്കുകയും ചെയ്യുന്നു. രോഗം മാറി, വിരൂപിണിയും പശ്ചാത്താപനിമഗ്നയുമായ സുഷമ ഭർത്താവിന്റെ മുമ്പിൽ ചെന്ന് ക്ഷമായാചനം ചെയ്ത് കുട്ടിയെ ചോദിക്കുന്നു. കുട്ടി മരിച്ചെന്ന് അറിയുമ്പോൾ താഴെവീണ് ഹൃദയക്ഷോഭംകൊണ്ട് മരണമടയുന്നു. വിജയന് മനഃപരിവർത്തനംവന്ന് തന്റെ പതിവ്രതയായ ഭാര്യയെ സ്നേഹിക്കാൻ തുടങ്ങുന്നു. അവസാനരംഗത്തിൽ "മംഗളം പാടേണ്ട" നേരത്ത് മധുവും മാനസികപരിവർത്തനം വന്ന് തന്റെ വിഷയലോലുപതയിൽ വിരക്തിവന്ന് രംഗത്തു പ്രവേശിച്ച് മംഗളം പാടുന്നു. ചുരുക്കത്തിൽ ഇതാണ് സ്ത്രീയിലെ കഥാവസ്തു.

രാപ്പകൽ ഇരുപത്തിനാലു മണിക്കൂറും സ്നേഹിക്കലും അവസാനം മനഃപരിവർത്തനം വരലും എപ്പോഴും നടക്കുന്ന ഒരു ലോകത്തിലാണ് കഥ നടക്കുന്നത്. സ്ത്രീ എന്നത് ഉത്തരം കാണുവാൻ സാധിക്കാത്ത ഒരു ചോദ്യചിഹ്നമാണെന്ന് സമർത്ഥിക്കുവാൻ നാടകകൃത്ത് വളരെ ബുദ്ധിമുട്ടി ശ്രമിച്ചിട്ടുണ്ടെങ്കിലും അവസാനത്തെ രംഗം കഴിയുമ്പോൾ അദ്ദേഹത്തിന്റെ പ്രയത്നം നിഷ്ഫലമായെന്നാണ് ഒരാൾക്ക് തോന്നുക. പുരുഷന്മാരിൽ വിഭിന്നപ്രകൃതികളായ വിജയനും മധുവും കഥാനായകനായ കവിയുമുള്ളതുപോലെ സ്ത്രീകളിലും മൂന്നു വിഭിന്നമനസ്ഥിതിക്കാരെ നാം നാടകത്തിൽ കാണുന്നു. മൂന്നുപേരും മൂന്നു വ്യത്യസ്തപുരുഷന്മാരെ സ്നേഹിക്കുന്നു. അവസാനം നായിക ഏതു സാധാരണനാടകത്തിലും കാണുന്നപോലെ മനഃപരിവർത്തനംവന്ന്, പശ്ചാത്താപനിമഗ്നയായി, ദൈവശിക്ഷയെന്നോണം മരിക്കുന്നു. സ്വകാമുകനായ മധുതന്നെ ഉപേക്ഷിച്ചിട്ടും, രോഗബാധിതയായിട്ടുംകൂടി മനഃപരിവർത്തനം വരാത്ത ഒരുവളായിരുന്നു തിക്കുറിശ്ശിയുടെ സുഷമയെങ്കിൽ അവൾ അല്പംകൂടി വിഷമം പിടിച്ച ഒരു പ്രശ്നമായിരുന്നേനെ. കവി തന്റെ ഭാര്യയെ ഉപേക്ഷിച്ച് കുഞ്ഞിനെ തട്ടിക്കൊണ്ടുപോയി കൊന്നുകളയുന്ന ആ രംഗത്തിൽവെച്ച് നാടകം അവസാനിച്ചിരുന്നെങ്കിൽ

'സ്ത്രീ'യുടെ ഉദ്ദേശം കുറെക്കൂടി സഫലമാകുമായിരുന്നു എന്നെനിക്കു തോന്നി. പക്ഷെ നാടകം ശുഭപര്യവസായിയാക്കി, "മംഗളം പാടുമ്പോൾ" "ക്ലാപ്പ്സ്" വാങ്ങേണമെന്നുള്ള 'കമ്പനി' മനസ്ഥിതിയിൽനിന്നു ഉയരുവാൻ തിക്കുറിശ്ശിക്കു സാധിച്ചിട്ടില്ല. അതാണു 'സ്ത്രീ'യുടെ പ്രധാന പരാജയകാരണം.

ശ്രീ. തിക്കുറിശ്ശിയടക്കമുള്ള ഒന്നോ രണ്ടോ പാത്രങ്ങളുടെ അഭിനയം തരക്കേടില്ലെന്നു പറയാം. സാധാരണ മലയാളനാടകങ്ങളെക്കാൾ സ്ത്രീയ്ക്കുള്ള പ്രധാനമെച്ചം ഇതാണു്. ഇതുവരെ കമ്പനിനാടകങ്ങളിൽ എത്ര നല്ല അഭിനയ വിദഗ്ദ്ധനായിരുന്നാലും കൈകൊട്ടുവാങ്ങിക്കുവാൻ രാഗാലാപത്തിന്റെയൊ സ്വരക്കസർത്തിന്റെയൊ സഹായം വേണ്ടിയിരുന്നു. പക്ഷെ പാട്ടു പാടാതെതന്നെ ശ്രീ. തിക്കുറിശ്ശി തന്റെ അഭിനയസാമർത്ഥ്യം മാത്രംകൊണ്ടു് കാണികളെ ആകർഷിക്കുന്നുണ്ടു്; കൈകൊട്ടു വാങ്ങിക്കുന്നുമുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ യഥാർത്ഥ അഭിനയം ആസ്വദിക്കുവാനായി കാണികളെ പഠിപ്പിക്കുവാൻ തിക്കുറിശ്ശിക്കു സാധിച്ചു എന്നതാണു് അദ്ദേഹത്തിന്റെ നാടകക്കമ്പനിയുടെ നേട്ടം. 'സ്ത്രീ'യിലെ ടെക്‌നിക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ സാധാരണ കമ്പനിനാടകങ്ങളുടെ രീതികളിൽ നിന്നു യാതൊരു വ്യത്യാസവുമില്ല എന്നു പറയേണ്ടിയിരിക്കുന്നു. സംഭാഷണരീതിയാണെങ്കിൽപലപ്പോഴും നെടുനെടുങ്കൻസാഹിത്യപ്രസംഗങ്ങളിൽക്കൂടി പോകുന്നു, ഇങ്ങനെയുള്ള ഗഹനമായ സാഹിത്യഭാഷ സംസാരിക്കുന്ന ഒരു നാട്ടിലാണൊ നാം ജീവിക്കുന്നതു്? കഥാപാത്രങ്ങളെല്ലാവരും കവികളും കവയിത്രികളുമായിരുന്നെങ്കിൽക്കൂടി ഇത്രയധികം കവിത സംഭാഷണങ്ങളിൽ മുഴച്ചുനിൽക്കണമൊ എന്നു തോന്നിപ്പോകുന്നു. സംസാരഭാഷ (Calloquial Language) നാടകങ്ങളിൽ പ്രയോഗിക്കുന്നതു് ഒരു പോരായ്മയാണെന്നുള്ള പതിനെട്ടാംനൂറ്റാണ്ടിലെ നാടകകൃത്തിന്റെ വിശ്വാസം ഇന്നും മലയാള നാടകവേദിയെ വിട്ടൊഴിഞ്ഞിട്ടില്ലെന്നു വരുമൊ? "സ്ത്രീ" എന്നുള്ള കഥതന്നെ കേരളത്തിൽ നടക്കുന്ന ഒന്നാണെന്നാണു് സങ്കല്പമെങ്കിലും കഥയിലെ എല്ലാ പുരുഷപാത്രങ്ങളും ഷർവാണിയും പൈജാമയും ഇട്ടു് 'ബാബു'മാരായിട്ടാണു് ആദ്യന്തം രംഗപ്രവേശംചെയ്യുന്നതു്. നമ്മുടെനാട്ടിലെ വസ്ത്രധാരണരീതിതന്നെ നാടകത്തിലും ഉപയോഗിച്ചാൽ അതു നാടകമാവില്ലെന്നുണ്ടോ? അതൊ അത്രയ്ക്കു് അപരിഷ്കൃതമാണൊ നമ്മുടെ വസ്ത്രധാരണരീതി? ഈ കാര്യം പറയുമ്പോൾ മേക്കപ്പ് (Make-up) ചെയ്യുന്നതിൽ സമർത്ഥനായ എന്റെ ഒരു സ്നേഹിതന്റെ അനുഭവം ഓർമ്മ വരുന്നു. ഒരു നാടകത്തിൽ അദ്ദേഹം നടന്മാരെ വേഷം കെട്ടിച്ചുകൊണ്ടിരിക്കുകയായിരുന്നു. നാടകം തുടങ്ങിക്കഴിഞ്ഞു. അതിൽ ഒരു ദരിദ്രനായ വാല്യക്കാരൻ പ്രവേശിക്കേണ്ടതുണ്ടു്. വാല്യക്കാരന്റെ വേഷംകെട്ടേണ്ട ചെറുപ്പക്കാരൻ ഒരു പൈജാമയും നല്ല ഷർട്ടുംധരിച്ചുകൊണ്ടു് എന്റെ സ്നേഹിതന്റെ സമീപത്തുവന്നു പൗഡറും ലിപ്സ്റ്റിക്കും ഇടീക്കണമെന്നു പറഞ്ഞു. വാല്യക്കാരന്റെ വേഷത്തിനു സ്വാഭാവികത വരണമെങ്കിൽ, ഈ വേഷമൊന്നും പാടില്ലെന്നും, പൗഡറിന്റെ ആവശ്യമില്ലെന്നും എന്റെ സ്നേഹിതൻ പറഞ്ഞു. ഇതൊന്നും ആ യുവാവു സമ്മതിച്ചില്ല. പൗഡറിടാതെ താൻ രംഗത്തു പോകയില്ലെന്നു് അയാൾ ശഠിച്ചു. അവസാനം അയാളുടെ അപേക്ഷയനുസരിച്ചു് ചെയ്തുകൊടുക്കേണ്ടിവന്നു! ഇങ്ങനത്തെ ജീവികൾ ഇപ്പോഴും നമ്മുടെയിടയിൽ ധാരാളമുണ്ടു്. «റിക്ഷാക്കാരൻ വേലു» സിൽക്കു ജുബ്ബാ ധരിച്ചു വന്നു രാഗമാലാപിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. പൗഡറിടാതെ രംഗത്തു പോകാത്തവർ; ഷർട്ടില്ലാതെ സ്റ്റേജിൽ കയറാൻ മടിക്കുന്നവർ; കുങ്കുമപ്പൊട്ടുതൊടാതെ അരങ്ങത്തു വരാത്തവർ ഇങ്ങനെ പലരും നമ്മുടെയിടയിലുണ്ടു്. തിക്കുറിശ്ശിയുടെ നാടകത്തിലും ഇതേ നിർഭാഗ്യസ്ഥിതി ബാധിച്ചിരിക്കുന്നതു് പരിതാപകരമാണു്.

മനശ്ശാസ്ത്രപരമായ നാടകങ്ങൾ എപ്പോഴും യഥാർത്ഥജീവിതത്തിന്റെ കാഴ്ചപ്പാടുകളെ പിന്തുടർന്നാൽ മാത്രമെ വിജയപ്രദമാവുകയുള്ളു. ഓരോരുത്തന്റെയും നിത്യജീവിതവൃത്തികളിൽ അവന്റെ മനഃശാസ്ത്രപരമായ വൈകല്യങ്ങൾ പതിയുന്നുണ്ടു്. അവന്റെ സംഭാഷണങ്ങൾ അവയെ നിഴലിപ്പിക്കുന്നു. അപ്പോൾ മനഃശാസ്ത്രപരമായ നാടകങ്ങളെന്നനിലയിൽ പ്രത്യേകം നാടകങ്ങൾ സൃഷ്ടിക്കേണ്ടയാവശ്യമേയില്ല; യഥാർത്ഥജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഓരൊ നാടകവും മനഃശാസ്ത്രപരമായിരിക്കും. ഈ കാര്യത്തിൽ ഷായ്ക്കു് ഇബ്സനെയും മേറ്റർലിങ്കിനെയും തോല്പിക്കുവാൻ സാധിച്ചിട്ടുണ്ടു്. ഷായുടെ നാടകങ്ങളിലെ ഓരൊ പാത്രവും സാധാരണന്മാരാണു്. അതുകൊണ്ടുതന്നെ അവരിൽ ഒരസാധാരണത്വമുണ്ടു്. ഇബ്സന്റെ നാടകം വായിച്ചുരസിക്കാൻ സാധിക്കുന്നിടത്തോളം അഭിനയിച്ചുകാണുവാൻ രസമില്ല എന്നു പറയുന്നതും ഇതുകൊണ്ടുതന്നെയാണു്.

'മായ' സ്പെൻസർ ട്രേസി അഭിനയിച്ചിട്ടു

ജീവചരിത്രം

# കല്പനാദത്തു്

(നാരായണൻകുട്ടി ബി. എ. മാറായിൽ)

പരാധീനയായ ഭാരതമാതാവിനു് നിരവധി വീരസന്താനങ്ങളെ പ്രദാനം ചെയ്ത ഒരു സംസ്ഥാനമാണു് ബങ്കാൾ. വിദേശീയ ശക്തിയുടെ ദുർഭരണത്തിന്നൊരു വിരാമമിടാൻ സ്വാതന്ത്ര്യത്തിന്റെ സമരകാഹളം മുഴക്കിക്കൊണ്ടു് സൂര്യസെന്നിന്റെ നേതൃത്വത്തിൽ ഒരു വിപ്ലവസംഘം അവിടെ സംജാതമായി. അതിലെ ഒരു പ്രമുഖ പങ്കാളിയാണു് കല്പനാദത്തു്.

1913—ൽ ചിററഗോങ്ങിലാണു് കല്പനാദത്തു് ജനിച്ചതു്. വിദ്യാർത്ഥിനിയായിരുന്ന കാലം മുതൽക്കുതന്നെ അവർ രാഷ്ട്രീയരംഗത്തിൽ പ്രവർത്തനമാരംഭിച്ചു.

1932 സെപ്തംബർ പതിനേഴാം തീയതി പുരുഷവേഷമണിഞ്ഞിരുന്ന ചിററഗോങ്ങിലെ ഈ 'വീരകന്യ'യെ ഭരണമേധാവികൾ അറസ്റ്റു ചെയ്തു. വിപ്ലവപ്രവർത്തനങ്ങളുമായി ബന്ധമുള്ള ഈ യുവതിയെ ബന്ധനസ്ഥയാക്കുവാൻ പോലീസിനു യാതൊരു കാരണവും ലഭിക്കുകയുണ്ടായില്ല.

സെപ്തംബർ 24-ാം തീയതി സംഭവിച്ച "പഹർത്തലി ക്ലബ്ബാക്രമണം" അധികാരിവർഗ്ഗത്തെ അമ്പരപ്പിച്ചു. വിപ്ലവ സംഘാംഗങ്ങളെ പ്രസ്തുത സംഭവത്തിനു് വിചാരണ ചെയ്യുവാൻ യാതൊരു തെളിവും പോലീസിനുണ്ടായിരുന്നില്ല. കല്പനാദത്തിനെ വിസ്തരിച്ചുവെങ്കിലും അവർക്കു് ജാമ്യം അനുവദിക്കപ്പെട്ടു.

ഒരഭയാർത്ഥിയെന്ന നിലയിൽ സൂര്യസെന്നോടൊരുമിച്ചു് ഈ ധീരയുവതി വീണ്ടും പ്രവർത്തനം തുടർന്നുപോന്നു. ഭാവി പ്രവർത്തനങ്ങൾ ക്ര

ള്ള "ഡോക്ടർ ജെക്കിൽ ആൻഡു് മി. ഹൈഡു്" (Dr. Jekyl and Mr. Hyde) എന്ന ഇംഗ്ലീഷ് ചലച്ചിത്രത്തിലെ കഥാഘടനയുമായി വളരെയധികം സാദൃശ്യമുള്ള ഒരു നാടകമാണു തിക്കുറിശ്ശിയുടെ 'മായ'. ഒരുപക്ഷെ അതിന്റെ ഒരനുകരണമായിരിക്കാം 'മായ',. ആ ചലച്ചിത്രത്തിന്റെ വിജയത്തിനുള്ള പ്രധാനകാരണം അതു് ഒരു ചലച്ചിത്രമായതുകൊണ്ടാണു്. ഒരേ നടൻതന്നെ രണ്ടു വിഭിന്നപാത്രങ്ങളായി അഭിനയിച്ചു് വിജയം നേടുവാൻ ഒരു ചലച്ചിത്രത്തിലെന്നപോലെ നാടകവേദിയിൽ സാധ്യമല്ല എന്നതിനു് ഒരു തെളിവാണു് 'മായ'. സ്പെൻസർ ട്രേസിതന്റെ അഭിനയസാമർത്ഥ്യംകൊണ്ടു മാത്രമല്ല ഡോക്ടർ ജെക്കിലിന്റെയും മി. ഹൈഡിന്റെയും ഭാഗങ്ങൾമാറിമാറി അഭിനയിച്ചു് വിജയിയായിത്തീർന്നതു്. ഹോളിവുഡിലെ മേക്കപ്പു് വിദഗ്ദ്ധനായ മേക്സ് ഫെർണറുടെയും )Max Ferner) ക്യാമറാമേന്റെയും കൂട്ടുകളാണു് ട്രേസിയെ വിജയിയാക്കുന്നതിൽ പ്രധാനപങ്കുകൾ വഹിച്ചതു്. അഭിനയംകൊണ്ടു സാധിക്കാവുന്നിടത്തോളം ശ്രീ തിക്കുറിശ്ശി "മായയി"ലെ നായകന്റെ ഭാഗം നന്നാക്കിയിട്ടുണ്ടെന്നു പറയാം. പക്ഷെ ആ ചലച്ചിത്രവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ 'മായ* വിജയകരമായ ഒരു നാടകമായിട്ടില്ല. രണ്ടു നാടകങ്ങളും കണ്ടുകഴിഞ്ഞപ്പോൾ എനിക്കു തോന്നിയതു് 'തിക്കുറിശ്ശി'യിലുള്ള നടൻ മാത്രമാണു് മലയാളനാടകവേദിക്കു് ആവശ്യമുള്ളതെന്നാണു്. 'തിക്കുറിശ്ശി'യിലെ നാടകകൃത്തു് ഇനിയും വളരെ ഉയരേണ്ടിയിരിക്കുന്നു.

അവരും ഉണരുന്നു.

മൂന്നാഴ്ചകൾക്കുമുമ്പു് മദിരാശിയിൽവച്ചു് ഒരു "തമിഴ്നാട്ട് ഡ്രമാററിക്ക് കോൺഫ്രൻസു്" കൂടുകയുണ്ടായി. ആ സമ്മേളനത്തിൽ നടന്ന വാദപ്രതിവാദങ്ങളിൽനിന്നു് ഇന്നത്തെ മലയാളനാടകവേദിയെ ബാധിച്ചിട്ടുള്ള ദൂഷ്യങ്ങൾതന്നെ തമിഴ്നാടകവേദിയെയും ബാധിച്ചിട്ടുണ്ടെന്നും, അതു് വളർച്ചമുട്ടി അധഃപതനോന്മുഖമായി നിൽക്കുകയാണെന്നും ഉള്ള വസ്തുത വെളിവാകുകയുണ്ടായി. കച്ചവടതാല്പര്യങ്ങളുടെ ക്രമാതീതമായ ബാധ; അഭ്യസ്തവിദ്യരായ യുവതീയുവാക്കന്മാർ നാടകവേദിയോടു കാണിക്കുന്ന അനാസ്ഥ; യഥാർത്ഥജീവിതവും നാടകവുമായിട്ടുള്ള അകൽച്ച; പുതിയ സാങ്കേതികരീതികളുടെ അഭാവം എന്നിവയാണു് തമിഴ് നാടകവേദിയെ ഇന്നു് ഞെരുക്കുന്നതെന്നും അവയെ ഇല്ലായ്മചെയ്തു് തമിഴ് നാടകവേദിയെ ഉദ്ധരിക്കുവാൻ എല്ലാ കലാകാരന്മാരുംകൂടി ഉടനെ പരിശ്രമിക്കേണ്ടതാണെന്നും സമ്മേളനം പ്രതിജ്ഞയെടുത്തിട്ടുണ്ടു്. ഇതിനെപ്പററി "ഹിന്ദു പത്രം', എഴുതിയ ഒരു മുഖപ്രസംഗത്തിൽ ദക്ഷിണേന്ത്യയിലും ഇൻഡ്യൻ 'പീപ്പിൾസ് തീയേററി'ന്റെ ഒരു ശാഖ തുടങ്ങണമെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു.

...0....

ട്ടതൽ ഊർജ്ജിതമായവിധം നടത്തുവാൻ വേണ്ടത്ര ധൈര്യവും പരിശീലനവും ഈ വിശ്വസ്തജനയായി നേതാവിൽനിന്നും കരസ്ഥമാക്കി.

1933 ഫെബ്രുവരിയിൽ സൂര്യാസെന്നിനെ അറസ്റ്റ് ചെയ്തു. മൂന്നു മാസങ്ങൾക്കകം കല്പനയും ഇരുമ്പഴികൾക്കുള്ളിലായി പ്രായം കുറഞ്ഞ ഒരു ബാലികയെന്ന നിലയ്ക്കു കല്പനാദത്തിന്റെ ശിക്ഷ മരണത്തിൽനിന്നും ജീവപര്യന്തം തടവാക്കി കുറച്ചു. ഈ ധീരവനിത കാരാഗൃഹവാസിയായി.

വിപ്ലവകാരികളെ സംബന്ധിച്ചിടത്തോളം കാരാഗൃഹജീവിതം അവർക്കു ചിന്തിക്കുവാനും പഠിക്കുവാനും ഉള്ള ഒരവസരമാണ്. ജയിൽ ഭിത്തികൾക്കുള്ളിൽ കല്പന അലസയായി ഒതുങ്ങിയിരുന്നില്ല. സ്വാതന്ത്ര്യചിന്തയെ ഉദ്ദീപിപ്പിക്കുന്ന വിപ്ലവാത്മകങ്ങളായ സാഹിത്യങ്ങളും ‘ജോഡ്’’ ‘കോൾ’ ‘ഷാ’ തുടങ്ങിയ പുരോഗമനപരമായ എഴുത്തുകാരുടെ ആവേശകരങ്ങളായ പുസ്തകങ്ങളും അവർ വായിച്ചു പഠിച്ചു. റഷ്യയിൽ നടന്ന ബഹുജനവിപ്ലവവും അതിന്റെ ഫലമായി അവിടെ സ്ഥാപിതമായ സോഷ്യലിസ്റ്റ് വ്യവസ്ഥയും കല്പനാദത്തിനെ ഉത്സാഹഭരിതയാക്കി.

1937—ൽ സംസ്ഥാനങ്ങളിൽ സ്വയംഭരണം നടപ്പായതോടെ, വിചാരണ കൂടാതെ ജയിൽവാസമനുഭവിക്കുന്ന എല്ലാ രാഷ്ട്രീയത്തടവുകാരേയും ഉടനടി വിമോചിപ്പിക്കുന്നതിനും ആന്തമാനിൽ തടവുശിക്ഷയനുഭവിക്കുന്ന ദേശപ്രേമികളെ സ്വദേശങ്ങളിലേക്ക് തിരിച്ചയയ്ക്കുന്നതിനും വേണ്ടി ഇന്ത്യയിലങ്ങോളമിങ്ങോളം ഒരു ജനകീയപ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടു. അതിന്റെ ഫലമായി നിരവധി രാഷ്ട്രീയത്തടവുകാർ വിമുക്തരാകയും ചെയ്തു.

എന്നാൽ, കല്പനാദത്തിനെ അധികാരികൾ കൽത്തുറുങ്കിൽനിന്നും വിട്ടയച്ചില്ല. രവീന്ദ്രനാഥടാഗോറും സി. എഫ്. ആൻഡ്രൂസും ഈ ധീരവനിതയുടെ മോചനത്തിനായി ശ്രമിച്ചു. അക്കാലത്ത് ഗാന്ധിജി രാഷ്ട്രീയത്തടവുകാരെ സന്ദർശിക്കുകയുമുണ്ടായി. ചിററഗോങ്ങ് ആയുധശാലാക്രമണ നേതാക്കളെ സ്വതന്ത്രരാക്കുവാൻ ഭരണമേധാവികൾ സന്നദ്ധരല്ലെന്നു മഹാത്മജി കല്പനാദത്തിനോട് പറഞ്ഞു. എങ്കിലും ചിററഗോങ്ങിലെ ഈ സുധീരാംഗന ആശ വെടിഞ്ഞില്ല.

1939 മേയ് ഒന്നാം തീയതി രാജ്യമൊട്ടുക്കുളവായ ബഹുജനപ്രക്ഷോഭത്തിന്റെ ഫലമായി കല്പനാദത്ത് വിമുക്തയായി. ആറു വർഷക്കാലത്തെ ദീർഘമായ തുറുങ്കു ജീവിതത്തിൽനിന്നും ജനമദ്ധ്യത്തിലേക്ക് തിരിച്ചു ചെല്ലുന്ന ഈ വിപ്ലവകാരിയെ സ്വന്തം സംഘടനകളിൽ ചേർക്കുവാൻ വിവിധ വിഭാഗക്കാർ പരിശ്രമം നടത്തി. തന്റെ സഹപ്രവർത്തകന്മാരായിരുന്ന വിപ്ലവ നേതാക്കളെല്ലാം അക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു പ്രവൃത്തിയെടുക്കുകയാണെന്നു കല്പനാദത്ത് ഗ്രഹിച്ചു. കല്പനാദത്തിന്റെ ബന്ധുസഹോദരനായ ‘ഝൂങ്ക’ എന്ന യുവവിപ്ലവകാരിയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ചേർന്നുകഴിഞ്ഞു. ആത്മാർത്ഥതയോടെ ജനസേവനം നിർവഹിച്ചുപോരുന്ന വിപ്ലവകാരികളുടെ ഒരു സുശക്ത സംഘടനയായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന ഈ വീരവനിതയും പ്രവൃത്തി തുടർന്നു

കർഷകസഭയുടെ ആഫീസിലാണ് കല്പനാദത്ത് ആദ്യം പ്രവർത്തിച്ചത്. അതിനുശേഷം ട്രാംവേ തൊഴിലാളി യൂണിയനാഫീസിലും ഈ ധീരയുവതി ജോലി ചെയ്തിട്ടുണ്ട്.

1940 ജൂലായി മാസത്തിൽ വിദ്യാഭ്യാസതല്പരയായ ഈ വിദ്യാർത്ഥിനി വീണ്ടും പഠനം തുടർന്നു. ഏഴു മാസം കഴിഞ്ഞപ്പോൾ ഭരണകൂടം കല്പനാദത്തിന്റെ ഉപരിപഠനത്തെ വിഘാതപ്പെടുത്തിക്കൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചു. 24 മണിക്കൂറിനകം കൽക്കത്താ നഗരമുപേക്ഷിച്ച് ചിററഗോങ്ങിലെ സ്വന്തം ഗൃഹത്തിൽ താമസമാക്കണമെന്നു ഗവർമ്മെന്റ് ഒരു നിരോധനാജ്ഞ ഈ ധീരയുവതിക്ക് നൽകി.

1943—ൽ ഇന്ത്യയൊട്ടാകെ ഇളകി മറിച്ച ഭയങ്കരമായ ഭക്ഷണക്ഷാമം ചിററഗോങ്ങിലെ കർഷകജനതതിയേയും അത്യന്തം ബാധിക്കുകയുണ്ടായി. വൻതോതിൽ പടർന്നു പിടിച്ച ആ ഘോരവിപത്തിനെതിരായി ബംഗാളിലെ സാധു സഹോദരീസഹോദരന്മാരെ അണി നിരത്തി പട്ടിണിപ്പിശാചിന്റെ ക്രൂരഹസ്തങ്ങളിൽനിന്നും വിമോചിപ്പിക്കുവാൻ കല്പനാദത്ത് പ്രവൃത്തിയെടുത്തിട്ടുണ്ട്. അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും ദുരിതനിവാരണകേന്ദ്രങ്ങളും സംഘടിപ്പിച്ചു ക്ഷാമബാധിതരായ ജനങ്ങളെ സഹായിക്കുവാൻ ‘നാരിസമിതി’ യിലെ അദ്ധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ട് ഈ വീരനാരി ഇടതടവില്ലാതെ പണിയെടുത്തു. ഇന്ത്യൻ ദേശീയ നഭോമണ്ഡലത്തിൽ വിപ്ലവത്തിന്റെ വിജയപതാക ഉയർത്തിപ്പിടിച്ചുകൊണ്ട് നിൽക്കുന്ന ആ സ്ത്രീരൂപം വംഗരാജ്യത്തിലെ സ്വാതന്ത്ര്യകാംക്ഷികളുടെ സ്മരണയിൽനിന്നു മറയുകയുമില്ല, മായുകയുമില്ല. സുഖസമൃദ്ധമായ ഒരു ഭാവിഭാരതത്തെ വിഭാവനം ചെയ്യുന്ന ദേശസ്നേഹികൾ, ഈ ‘വീരകന്യ’യുടെ നാമധേയം ബഹുമാനത്തോടുകൂടിയല്ലാതെ ഉച്ചരിക്കുകയില്ല.

.....0...

# മികച്ച നോവലുകളും കഥകളും

| | രൂ. | ണ. |
|---|---|---|
| ശ്രീനിവകതനം (248 വശങ്ങൾ) | 2 | 0 |
| മന്ത്രവാദി (336 വശങ്ങൾ) | 2 | 12 |
| പൊൻകതിരുകൾ (കഥകൾ) | 1 | 0 |
| സരള (161 വശങ്ങൾ) | 1 | 8 |
| കൃഷ്ണകുമാരി (206 വശങ്ങൾ) | 1 | 12 |
| അമരസിംഹൻ (160 വശങ്ങൾ) | 1 | 8 |
| ഷാജിഹാൻ 240 വശങ്ങൾ | 2 | |
| ഉദ്യാനം (കഥകകൾ) | 1 | 0 |
| ദേവളൂരി (നാടകം) | 1 | 4 |
| നിത്യകന്യക (തഴകി-നോവൽ) | 1 | 8 |
| വനരാജകുമാരി (നാടകം) | 1 | 8 |
| വിലാസലതനം (കഥകൾ) | 1 | 0 |
| പ്രേമപൂജ (നാടകം) | 1 | 0 |
| ഒരു മുറപ്പിക (കഥകൾ) | 1 | 0 |
| മിന്നൽ പ്രണയം (നാടകം) | 1 | 8 |

| | രൂ. | ണ. |
|---|---|---|
| ചന്ദ്രകിരണം (165 വശങ്ങൾ) | 1 | 8 |
| കാഞ്ചനമാല (കഥകൾ) | 1 | 0 |
| ചെറുകഥകൾ (182 വശങ്ങൾ) | 1 | 8 |
| സഖാവ് ടേർപ്പിഡോ (കഥകൾ) | 1 | 0 |
| ജയസിംഹൻ (152 വശങ്ങൾ) | 1 | 6 |
| ചിട്ടിത്തലയാൾ (ചിത്രയെഴുത്ത്) | 1 | 0 |
| ഉദ്ദാമാസൻ (288 വശങ്ങൾ) | 2 | 0 |
| ലഫ്റ്റനൻറ് നാണി (നാടകം) | 1 | 0 |
| ആറാം ജോമ്പ് (നാടകം) | 1 | 8 |
| ഓമനകൾ (കഥകൾ) | 1 | 8 |
| ഭഗ്നഭവനം (നാടകം) | 1 | 4 |
| ഹൃദയസ്പന്ദനം (കഥകൾ) | 1 | 4 |
| സൽക്കാരം (ഫലിത ലേഖനങ്ങൾ) | 1 | 0 |
| കമണ്ഡലു (ഏകാങ്കനാടകങ്ങൾ) | 1 | 0 |
| വില്ലനക്കാരി (തകഴി) | 0 | 14 |

5 രൂപയിൽ കുറയാത്ത തുകക്കു പുസ്തകങ്ങൾ വാങ്ങുന്നവർക്ക് വി. പി. ചാർജ് സൗജന്യം.

## പി. സി. ബുക്ക് സ്റ്റാൾ, കോട്ടയം.


(18-ാംപേജിൽനിന്നു തുടർച്ച)

റു ള ചാട്ടിയ ഇലത്തുണ്ടുകൾവഴി എന്തോ പറയുന്നു്. കവിൾത്തടം വാഴപ്പിണ്ടിയിൽ അമർത്തിനിന്ന് ആ കർഷകൻ കരഞ്ഞു. ഇന്നുവരെ അയാൾ ആ വാഴച്ചുവട്ടിൽ ഒഴിച്ചിട്ടുള്ള ജലവും വിയർപ്പുതുള്ളികളും മാത്രമാണ്. അന്ത്യദിനത്തിൽ അയാൾ ഇതാ തന്റെ വിലയേറിയ കണ്ണുനീർത്തുള്ളികളും അതിനു നൽകുന്നു. ശിരസ്സിനു മുകളിൽ പടർന്നു നിരന്നുനിന്ന വാഴയിലകളിൽ അയാൾ കയ്യോടിച്ചു. പതിനാലു തണ്ടെങ്കിലുമില്ലാത്ത വാഴ ആ പുരയിടത്തിലില്ല. ആ തണ്ടുകൾ അയാളുടെ വിരലുകളിൽ വെൺമയുടെ ലേപനം ചേർത്തു.

ഇങ്ങനെ നിന്നാലോ—അയാൾ ചിന്തിച്ചു.

ഒരുവിധത്തിൽ വെട്ടുവാൾ അയാൾ ഉയർത്തി. ഒററവെട്ട്!! വാഴപ്പിണ്ടി ക്ഷണത്തിൽ പിന്നിട്ടശേഷം അരിവാൾച്ചുണ്ട് ആ കർഷകന്റെ ഇടത്തെ കാൽമുട്ടിലേക്കു കുതിച്ചു.

കട്ടൻകാപ്പിക്ക റാഹേൽ പിതാവിനെ അന്വേഷിച്ചു. അതു് അറിഞ്ഞത്. ആറിഞ്ഞ ന്നേത്തുതന്നെ ഒരിടത്തു അവളുടെ പിതാവും കിടക്കുന്നുണ്ട്. മാറിൽത്തല്ലി കരഞ്ഞുകൊണ്ട് അവൾ വാഴച്ചുവട്ടിലേക്കോടി.

അന്നു ഉച്ചതിരിഞ്ഞപ്പോൾ വാഴവെട്ടുകാർ ആ പുരയിടത്തിൽക്കയറി. രോഗബാധിതസ്ഥലത്തു ഒററവാഴയെങ്കിലും ശേഷിക്കാതിരിക്കാൻ അവർക്കു നിർബന്ധമുണ്ടായിരുന്നു. വലിയ കുഴിയുണ്ടാക്കി അവയത്രയും അവർ കുഴിച്ചിട്ടു. മർക്കോസുചേട്ടൻ ആശുപത്രിയിലായിരുന്നു. ആ പിതാവിനു കുടിക്കുവാൻ ഒരു കരിക്കിനുവേണ്ടി റാഹേൽ വീട്ടിൽ എത്തിയിരിക്കുന്നു. വാഴവെട്ടുകയാൽ മരുഭൂമിയായിത്തീർന്ന പുരയിടംകണ്ട് അവൾ മാറിൽത്തല്ലി. കൃത്യനിർവഹണത്തിനുശേഷം ആ ഉദ്യോഗസ്ഥന്മാർ യാത്രതിരിച്ചു.

'എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തേക്കൂടി നിങ്ങൾ വെട്ടിമൂടുക!' ഒരു സിംഹിയെപ്പോലെ തന്റേടത്തോടുകൂടി റാഹേൽ പറഞ്ഞു. അവളുടെ കൈയിൽ ആ കരിക്കുമുണ്ട്.

"പോപെണ്ണേ, മരംകേറി."

......0.......

Printed and Published by P. J· Joseph at the Geo Printing Works, Kottayam.

Reg. No. T. 7. M. 4720 License No. 368 Dated 1st March 1939

CHITRODAYAM, KOTTAYAM.

## വൈ.എം.സി.എ. റെസ്റ്റോറന്റ് കോട്ടയം.

ശുചിത്വമേറിയ
സസ്യാഹാരങ്ങൾക്കും
ലഘുഭക്ഷണങ്ങൾക്കും

PROPRIETORS:

## UNITED DAIRIES
KOTTAYAM.

# ഭാവിക്കുവേണ്ടി—

ആരോഗ്യവും പ്രവർത്തനശക്തിയും എന്നും നിലനിൽക്കുകയില്ല. അതുപോലെ തന്നെ സൗഭാഗ്യപൂർണ്ണമായ കാലവും ജീവിതത്തിൽ ഇല്ലാതിരിക്കയില്ല. നമ്മുടെ കഴിവുകളെ നാം തന്നെ അറിയുന്നതിലും അവ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിലുമാണ് നമ്മുടെ വിജയം.

പ്രവർത്തനശക്തിയുള്ള കാലത്ത് പണം ഉണ്ടാക്കുന്നവരായി അനേകം ഇല്ല. പക്ഷെ, ഭാവിക്കുവേണ്ടി കരുതുവാൻ എത്ര പേർക്ക് കഴിയുന്നു!

ശ്രമിച്ചാൽ ആർക്കും പണം സമ്പാദിക്കാം. നമ്മുടെ ചെലവുകൾ വരവുകളെക്കാൾ കുറഞ്ഞിരിക്കട്ടെ. മിച്ചമുള്ള സംഖ്യ ബാങ്കിൽ നിക്ഷേപിക്കുക.

## ട്രാവൻകൂർ
## നേററിവ് ബാങ്ക് ക്ലിപ്തം
തൊടുപുഴ.